# The Prabuddha Keralam.

# പ്രബുദ്ധകേരളം.

വിവേക നിൎമ്മലാനന്ദ ജ്ഞാനവൈരാഗ്യസിദ്ധിദം
"പ്രബുദ്ധകേരളം" രാമകൃഷ്ണോ രക്ഷതു സൎവ്വദാ


R 2020


വാല്യം ൧൭ } ൧൧൦൭ വൃശ്ചികം { ലക്കം ൨


ശ്രീ.

## ശ്രീരാമകൃഷ്ണോപദേശം.

### ധൎമ്മത്തെ അധികരിച്ചുള്ള പ്രസംഗം.

ഞാൻ ജനിച്ച ആ രാജ്യവിഭാഗത്തു ആളുകൾ കൂമ്പാരമായി കിടക്കുന്ന ധാന്യം അളക്കുന്നതു നിങ്ങൾക്കു പലപ്പോഴും കാണാം. ഒരാൾ അളന്നുകൊണ്ടേ ഇരിക്കുന്നു. അയാളുടെ കൈ എത്തുന്നതുവരെയുള്ള കൂനയുടെ ഭാഗം അളന്നു തീരുന്നതോടുകൂടി മറെറാരാൾ ധാന്യം അങ്ങോട്ടു നീക്കി ഇട്ടുകൊടുക്കുന്നു. മിക്കവാറും അതേ മാതിരിയിൽ യഥാൎത്ഥഭക്തനു തന്റെ സത്യങ്ങളുടെ ഉപചയത്തിനു കുറവുവരുന്നില്ല. അയാൾക്കു ഉള്ളിൽനിന്നും അഭിനവങ്ങളായ ആശയങ്ങളുടെ അവിരതമായ ഉപചയം കിട്ടിക്കൊണ്ടിരിക്കുന്നു; ആ ഉപചയം ഒരിക്കലും തീൎന്നു പോകുന്നില്ല.

# ശ്രീരാമകൃഷ്ണദേവന്റെ തിരുവായ്മൊഴി

---

### രണ്ടാംഭാഗം ഇരുപത്തിരണ്ടാംഖണ്ഡം.

## അദ്ധ്യായം ൧

ക്രിസ്തുവർഷം ൧൮൮൪ ഡിസംബർ ൨൭ ശനിയാഴ്ച. ധനുമാസത്തെ ശുക്ലപക്ഷസപ്തമിതിഥി. ശ്രീക്രിസ്തുദേവന്റെ തിരുനാൾപ്രമാണിച്ചു ഭക്തന്മാർക്കു വിശ്രമം ലഭിച്ചിരിക്കുന്നു. പലരും ഭഗവാൻ ശ്രീരാമകൃഷ്ണദേവനെക്കാണ്മാൻ വന്നിട്ടുണ്ട്. അതിരാവിലെ തന്നെ അനേകം പേർ വന്നിരിക്കുന്നു. മാസ്റ്ററും പ്രസന്നനും വന്നപ്പോൾ ഭഗവാൻ അദ്ദേഹത്തിന്റെ മുറിയുടെ തെക്കുവശത്തു ഇരിക്കുകയാണ്. അവർ വന്നു ഭഗവാന്റെ തൃപ്പാദങ്ങളെ വന്ദിച്ചു. ശ്രീസാരദാപ്രസന്നൻ ഭഗവാനെ കാണുന്നതു ഇതാദ്യമാണ്. ഭഗവാൻ മാസ്റ്ററോടു ചോദിച്ചു— "എന്താ! ബങ്കിമിനെ വിളിച്ചുകൊണ്ടുവന്നില്ലേ?"

ബങ്കിം ഒരു പാഠശാലാവിദ്യാർത്ഥിയാണ്. ഭഗവാൻ ബാഗ്ബസാറിൽ അയാളെ കണ്ടിട്ടുണ്ട്. ദൂരെ വെച്ചു കണ്ടപ്പോൾ തന്നെ കൊച്ചൻ മിടുക്കനാണെന്നു ഭഗവാൻ പറഞ്ഞിരുന്നു.

ഭക്തന്മാർ അനേകം പേർ വന്നിരിക്കുന്നു. കേദാരൻ, രാമൻ, നിത്യഗോപാലൻ, താരകൻ, സുരേശമിത്രൻ തുടങ്ങിയ ബാലഭക്തന്മാരും വന്നിട്ടുണ്ട്. അല്പം കഴിഞ്ഞു ഭഗവാൻ ഭക്തന്മാരൊന്നിച്ച് പഞ്ചവടിയിൽ ചെന്നു ഇരിക്കുന്നു. ഭക്തന്മാർ നാലു വശത്തും ചുററിയിരിക്കുന്നു. ചിലർ ഇരിക്കുന്നു, ചിലർ നിൽക്കുന്നു. ഭഗവാൻ പഞ്ചവടിതലത്തിലെ തറയോടു പാകിയ തറയിൽ ഇരിക്കുന്നു. തെക്കുപടിഞ്ഞാറോട്ടുനോക്കിയാണിരിപ്പ്. ചിരിച്ചുകൊണ്ടു മാസ്റ്ററോടു പറഞ്ഞു—"എന്താ? പുസ്തകമാണോ അത്?"

മാസ്റ്റർ:—ഉവ്വ്.

ശ്രീരാമകൃഷ്ണദേവൻ:—കുറെ വായിക്കുക. കേൾക്കട്ടെ. ഭക്തന്മാർ സോൽക്കണ്ഠം എന്തൊരു പുസ്തകമെന്നു നോക്കിക്കൊണ്ടിരിക്കുന്നു. പുസ്തകത്തിന്റെ പേരു "ദേവിചൌധുറാണി". ദേവിചൌധുറാണിയിൽനിഷ്കാമകർമ്മത്തെപ്പററി പറഞ്ഞിട്ടുണ്ടെന്നു ഭഗവാൻ കേട്ടിരിക്കുന്നു. ഗ്രന്ഥകാരനായ ശ്രീബങ്കിമചന്ദ്രചട്ടോപാദ്ധ്യായന്റെ സുഖ്യാതിയും കേട്ടിട്ടുണ്ട്. പുസ്തകത്തിൽ അദ്ദേഹം എന്തു എഴുതിയിട്ടുണ്ടെന്നു അറിഞ്ഞാൽ അദ്ദേഹത്തിന്റെ (ഗ്രന്ഥകാരന്റെ) മനസ്ഥിതി ഏതു തരമെന്നും അറിവാൻ കഴിയും. മാസ്റ്റർ പറഞ്ഞു: "ഒരു പെൺകുട്ടി കൊള്ളക്കാരന്റെ കൈയിലകപ്പെട്ടു. കുട്ടിയുടെ പേരു പ്രഫുല്ല. പിന്നീടു അവൾ

ദേവിചൗധുറാണിയായി. കവർച്ചക്കാരന്റെ കൈയിൽപ്പെട്ടുവെന്നു പറഞ്ഞുവല്ലോ. ആ തസ്കരന്റെ പേരു് "ഭവാനിപാഠകൻ". അയാൾ കവർച്ചക്കാരൻ തന്നെ എങ്കിലും വളരെ നല്ല മനുഷ്യൻ. അയാൾ പ്രഫുല്ലയെ പലതരം സാധനകളും ഭജനകളും ശീലിപ്പിച്ചു. നിഷ്കാമകർമ്മം ചെയ്യേണ്ടതെങ്ങനെയാണെന്നും പഠിപ്പിച്ചു. ആ കവർച്ചക്കാരന്റെ പ്രവൃത്തി അത്ഭുതകരമാണ്. എങ്ങനെ? ദുഷ്ടജനങ്ങളിൽ നിന്നും പണം പിടിച്ചു പറിച്ചിട്ടു ദരിദ്രന്മാൎക്കും പാവപ്പെട്ടവൎക്കും സംഭാവന ചെയ്യുക. ഇങ്ങനെയാണ്. പ്രഫുല്ലയോടു അയാൾ പറയാറുണ്ടു്.—ഞാൻ ദുഷ്ടശിക്ഷണവും ശിഷ്ടരക്ഷണവും നടത്തുന്നു.—

ശ്രീരാമകൃഷ്ണദേവൻ:—ഓ! അതു രാജാവിന്റെ കടമയാണ്.

മാസ്റ്റർ:—മറെറാരെടത്തു ഭക്തിയെപ്പററിപ്പറയുന്നു. ഭവാനിപാഠകൻ പ്രഫുല്ലയുടെ തോഴിയായിരിപ്പാൻവേണ്ടി ഒരു സ്ത്രീയെ നിയോഗിച്ചു. അവളുടെപേർ "നിശി". ആസ്ത്രീ വലിയഭക്തയാണ്. അവൾ ശ്രീകൃഷ്ണനാണു തന്റെ ഭർത്താവെന്നു പറയാറുണ്ടു്. പ്രഫുല്ലക്കു വിവാഹം കഴിഞ്ഞിരുന്നു. പ്രഫുല്ലക്കു അച്ഛനില്ല, അമ്മയുണ്ടായിരുന്നു. ഒരു മിഥ്യാവാദം പരത്തി ഗ്രാമക്കാർ അവരെ തനിച്ചു തള്ളിയിരുന്നു. അതുകൊണ്ടു് ശ്വശുരൻ തന്റെ പുത്രവധുവിനെ ഗൃഹത്തിലേക്കു കൊണ്ടുപോയില്ല. മകനു പിന്നെയും രണ്ടു വിവാഹംകഴിപ്പിച്ചു. പ്രഫുല്ലക്കാവട്ടെ ഭർത്താവിന്റെ പേരിൽ വളരെ സ്നേഹമുണ്ടായിരുന്നു. ഈ ഭാഗം വായിച്ചുകേട്ടാൽ ഇതു നല്ലപോലെ മനസ്സിലാകും:—

നിശി:—ഞാൻ അദ്ദേഹത്തിന്റെ (ഭവാനീപാഠകന്റെ) മകളാണ്. അദ്ദേഹം എന്റെ അച്ഛൻ. അദ്ദേഹവും എന്നെ ഒരു പ്രകാരത്തിൽ കന്യാദാനം ചെയ്തിരിക്കുന്നു.

പ്രഫുല്ല:—ഒരു പ്രകാരമെന്നാലെങ്ങനെ?

നിശി:—സർവ്വസ്വവും ശ്രീകൃഷ്ണനിൽ സമർപ്പിച്ചിരിക്കുന്നു.

പ്രഫുല്ല:—അതെങ്ങനെ!

നിശി:—രൂപം, യൌവനം, പ്രാണൻ സകലതും.

പ്രഫുല്ല:—അദ്ദേഹമാണോ നിന്റെ ഭർത്താവു്?

നിശി:—എന്തുകൊണ്ടെന്നാൽ അദ്ദേഹം എന്റെ പേരിൽ പരിപൂർണ്ണ അധികാരിയാണ്: അതിനാൽ അദ്ദേഹം തന്നെ എന്റെ ഭർത്താവു്.

പ്രഫുല്ല നെടുവീർപ്പിട്ടുംകൊണ്ടു പറഞ്ഞു:—എനിക്കു പറവാൻ സാദ്ധ്യമല്ല. നീ ഒരിക്കലും ഭർത്താവിനെക്കണ്ടിട്ടില്ല. അതാണ് ഇങ്ങനെ പറയുന്നതു്. ഭർത്താവിനെക്കണ്ടാൽ ഒരിക്കലും ശ്രീകൃഷ്ണനിൽ മനസ്സ് ചെല്ലുന്നതല്ല.

മൂഢനായ വ്രജേശ്വരൻ (പ്രഫുല്ലയുടെ ഭർത്താവു്) ഇതറിയുന്നില്ല.

തോഴിപറഞ്ഞു:-- ശ്രീകൃഷ്ണനിൽ സകലസ്ത്രീകളുടേയും മനസ്സുചെല്ലുന്നതാണ്. എന്തെന്നാൽ അദ്ദേഹത്തിന്റെ രൂപംഅനന്തം, യൗവനംഅനന്തം, ഐശ്വര്യം അനന്തം.

ഈ യുവതി ഭവാനീപാഠകന്റെ ശിഷ്യത്തിയാണ്. എന്നാൽ പ്രഫുല്ല നിരക്ഷരയും. അവൾക്കു നിശിയുടെ വാക്യത്തിനു മറുപടി പറവാൻ കഴിഞ്ഞില്ല. ഹിന്ദുമതാധികാരികൾ ഉത്തരം പറയും. ഈശ്വരൻ അനന്തൻതന്നെ. എന്നാൽ അനന്തനെ ഈ ചെറുതായ ഹൃദയപഞ്ജരത്തിൽ അടക്കിവെക്കുന്നതെങ്ങനെ? സാന്തനെ അതിൽ ഉള്ളടക്കാം. അതുകൊണ്ട് അനന്തനായ ജഗദീശ്വരൻ ഒരു ഹിന്ദുവിന്റെ ഹൃദയപഞ്ജരത്തിൽ സാന്തനായ ശ്രീകൃഷ്ണനായിരിക്കുന്നു. ഭർത്താവ് കുറെക്കൂടി സംസ്കൃതമായ രീതിയിൽ സാന്തനാകുന്നു അതിനാൽ പ്രേമം പരിശുദ്ധമായിരിക്കുന്നപക്ഷം ഭർത്താവു ഭഗവൽപ്രാപ്തിക്കായുള്ള പ്രഥമസോപാനമാകുന്നു. അതുകൊണ്ടത്രേ ഹിന്ദുവനിതകൾക്ക് ഭർത്താവുതന്നെ ദൈവതമായിരിക്കുന്നത്. മററു സകലസമുദായങ്ങളും, ഹിന്ദുജാതിയുടെ മുൻപാകെ, ഇക്കാര്യത്തിൽത്താണപടിതന്നെ.

പ്രഫുല്ല നിരക്ഷരയാണല്ലോ. അതുകൊണ്ടവൾക്കു നിശി പറഞ്ഞതു മനസ്സിലായില്ല. പ്രഫുല്ല പറഞ്ഞു:--തോഴി! നീ പറയുന്നതു എനിക്കു മനസ്സിലാകുന്നില്ല. നിന്റെ പേരെന്താണെന്നു ഇതേവരെ പറഞ്ഞില്ലല്ലോ?

തോഴിപറഞ്ഞു:--ഭവാനീപാഠകൻ എനിക്കു നിശിയെന്നു പേരിട്ടിരിക്കുന്നു. ഞാൻ ദിവയുടെ സോദരിയായ നിശിയാണ്. ദിവയെ ഒരു ദിവസം കൂട്ടിക്കൊണ്ടുവരാം. എന്നാൽ ഞാൻ പറയുന്നതിനെ കേൾക്കുക. ഈശ്വരനാണ് പരമഭർത്താവ്. സ്ത്രീജനങ്ങൾക്കു പതിയാണ് ദേവത. ശ്രീകൃഷ്ണൻ സകലരുടെയും ദേവതയത്രേ. രണ്ടു ദേവതയെങ്ങനെയാണ് തോഴി? രണ്ടീശ്വരനോ? ഈ ക്ഷുദ്രഹൃദയത്തിലെ ക്ഷുദ്രഭക്തിയെ രണ്ടു ഭാഗമായി അംശിച്ചാൽ എത്രകാണും?

പ്രഫുല്ല:--എന്തു? സ്ത്രീകളുടെ ഭക്തിക്കു അവസാനമുണ്ടെന്നോ?

നിശി:--സ്ത്രീകളുടെ സ്നേഹത്തിനു അവസാനമില്ല. ഭക്തിവേറെ, സ്നേഹംവേറെ.

മാസ്റ്റർ:--ഭവാനീപാഠകൻ പ്രഫുല്ലയെക്കൊണ്ടു സാധനഭജനകൾ തുടങ്ങിച്ചിരിക്കുന്നു.

ആദ്യവർഷം ഭവാനീപാഠകൻ പ്രഫുല്ലയുടെ ഗൃഹത്തിൽ യാതൊരു പുരുഷന്മാരെയും ചെല്ലാനോ, അവളെ ഗൃഹത്തിനു വെളിയിലുള്ള പുരുഷന്മാരുമായി സംഭാഷണംചെയ്യുവാനോ അനുവദിച്ചിരുന്നില്ല. രണ്ടാംകൊല്ലം പുരുഷന്മാരുമായുള്ള സംഭാഷണത്തെ തടഞ്ഞില്ല. എന്നാൽ അവളുടെ ഗൃഹത്തിൽ ഒരു പുരുഷനെയും ചെല്ലാൻ അനുവദിച്ചില്ല. മൂന്നാം കൊല്ലം പ്രഫുല്ലയുടെ ശിരസ്സു മുണ്ഡനംചെയ്തു.

അപ്പോൾ ഭവാനീപാഠകൻ, തെരഞ്ഞെടുക്കപ്പെട്ട ഏതാനും ശിഷ്യന്മാരൊന്നിച്ചു പ്രഫുല്ലയുടെ അടുക്കൽ വന്നുകൊണ്ടിരുന്നു. പ്രഫുല്ല മുണ്ഡിതശിരസ്കയായി മുഖം കുനിച്ചുകൊണ്ട് അവരുമായി ശാസ്ത്രീയസംഭാഷണങ്ങൾ നടത്തിവന്നു.

അനന്തരം പ്രഫുല്ലയുടെ വിദ്യാഭ്യാസം ആരംഭിച്ചു. വ്യാകരണം പഠിച്ചു. രഘുവംശം, കുമാരസംഭവം, നൈഷധം, അഭിജ്ഞാനശാകുന്തളം ഇതൊക്കെ പഠിച്ചു. കുറെ സാംഖ്യം, അല്പംവേദാന്തം, അല്പം ന്യായശാസ്ത്രം ഇവയും പഠിച്ചു.

ശ്രീരാമകൃഷ്ണദേവൻ:—ഇതിന്റെ അർത്ഥമെന്താണെന്നറിയാമോ? വായിക്കയും പഠിക്കയും ചെയ്തില്ലെങ്കിൽ ജ്ഞാനമുണ്ടാവുകയില്ലെന്നാണ്. ഈ എഴുത്തുകാരുടെയൊക്കെ അഭിപ്രായം അതാണ്. ഇവർ വിചാരിക്കുന്നത് ആദ്യം എഴുത്തും വായനയും, പിന്നീട ഈശ്വരൻ, എന്നാകുന്നു. ഈശ്വരനെ അറിയണമെങ്കിൽ എഴുത്തും വായനയും ആവശ്യമാണത്രേ. ഒരു ജമിന്ദാരുമായിട്ടു സംഭാഷണം ചെയ്യണമെന്നിരിക്കട്ടെ. അയാൾക്കു എത്ര വീടുണ്ട്? എത്ര ധനമുണ്ട്? എത്ര കമ്പനികളുണ്ട്? ഇതൊക്കെ മുമ്പേകൂട്ടി അറിഞ്ഞിട്ട് എനിക്കെന്തുകാര്യമാണ്? വല്ലപാട്ടും, സ്തുതിച്ചോ, വാതിൽകാക്കുന്ന ശിപായിയുടെ തല്ലു വാങ്ങിച്ചോ, എങ്ങനെയായാലും വേണ്ടുകില്ല. എങ്ങനെയെങ്കിലും ഗൃഹത്തിനുള്ളിൽക്കടന്നു ജമിന്ദാരുമായി സംഭാഷണം ചെയ്യണം. നിലം, പുരയിടം, ഐശ്വര്യം ഇവയെക്കുറിച്ചറിയണമെന്നു തോന്നുന്നുവെങ്കിൽ അപ്പോൾ നേരിട്ടു ചോദിച്ചാൽമതിയല്ലോ. വളരെയെളുപ്പം അറിയാം. ആദ്യമേ രാമൻ, പിന്നീട രാമന്റെ ഐശ്വര്യം,—അതായതു ജഗത്ത്. അതാണു വാല്മീകി "മരാ" "മരാ" എന്നമന്ത്രം ജപിച്ചത്. "മ" എന്നാൽ ഈശ്വരൻ. "രാ" എന്നതിനു ജഗത്ത്, അദ്ദേഹത്തിന്റെ ഐശ്വര്യം എന്നർത്ഥം.

ഭക്തന്മാർ ആശ്ചര്യസമേതം ഭഗവാന്റെ വചനാമൃതം പാനം ചെയ്യുന്നു.

## അദ്ധ്യായം ൨

മാസ്റ്റർ:—അധ്യയനം അവസാനിച്ച് പലനാളത്തെ സാധനകളും കഴിഞ്ഞശേഷം ഭവാനീപാഠകൻ പ്രഫുല്ലയെ വീണ്ടും കാണ്മാൻവന്നു. ഇപ്പോൾ നിഷ്കാമകർമ്മത്തെപ്പററി ഉപദേശം കൊടുക്കുന്നു. ഗീതയിൽനിന്നും ഒരുശ്ലോകം ഉദ്ധരിച്ചു.

തസ്മാദസക്തഃസതതം കാൎയ്യം കർമ്മസമാചര
അസക്തോഹ്യാചരൻകർമ്മ പരമാപ്നോതിപൂരുഷഃ *

അനാസക്തിക്കു ൩ ലക്ഷണം പറയുന്നു:, —

(൧) ഇന്ദ്രിയസംയമം. (൨) നിരഹങ്കാരം. (൩)ശ്രീകൃഷ്ണനിൽ ഫലസമൎപ്പണം.

നിരഹങ്കാരംകൂടാതെ ധൎമ്മാചരണം സാദ്ധ്യമല്ല. ഗീതയിൽ നിന്നും വീണ്ടും ഉദ്ധരിക്കുന്നു, —

പ്രകൃതേഃ ക്രിയമാണാനി ഗുണൈഃ കൎമ്മാണിസൎവ്വശഃ
അഹങ്കാരവിമൂഢാത്മാ കൎത്താഹമിതിമന്യതേ. ¶

അനന്തരം സർവ്വകൎമ്മഫലത്തേയും ശ്രീകൃഷ്ണനിൽ സമൎപ്പിക്കുക. ഗീതയിൽ നിന്നും പറയുന്നു: —

യൽകരോഷിയദശ്നാസി യജ്ജുഹോഷിദദാസിയത്
യത്തപസ്യസി കൌന്തേയ തത്കുരുഷ്വമദൎപ്പണം. §

നിഷ്കാമകർമ്മത്തിനു ഇങ്ങനെ ൩ ലക്ഷണം പറഞ്ഞിരിക്കുന്നു.

ശ്രീരാമകൃഷ്ണദേവൻ: —അതു ശരി. ഗീതയിലെ വാക്യമാണ്. ഖണ്ഡിപ്പാൻ വഹിയാ. എന്നാൽ ഒരു കാൎയ്യമുണ്ട്. ശ്രീകൃഷ്ണനിൽ ഫലസമൎപ്പണത്തെപ്പററി പറഞ്ഞിരിക്കുന്നു, ശ്രീകൃഷ്ണനിൽ ഭക്തിയെപ്പററി പറഞ്ഞിട്ടില്ലയോ?

മാസ്റ്റർ: — ഈ സ്ഥലത്തു ഇതു അത്ര വ്യക്തമാക്കിട്ടില്ല.

അതിനു ശേഷം ധനത്തെ എങ്ങനെയാണു വിനിയോഗിക്കേണ്ടതെന്നു പറയുന്നു. പ്രഫുല്ല പറഞ്ഞു: —ഈ സമസ്ത ധനവും ഞാൻ ശ്രീകൃഷ്ണനിൽ സമൎപ്പിച്ചിരിക്കുന്നു.

പ്രഫുല്ല: —എപ്പോൾ എന്റെ കൎമ്മങ്ങൾ ആസകലം ശ്രീകൃഷ്ണനിൽ സമൎപ്പിച്ചുവോ അപ്പോൾ എന്റെ ഈ ധനവും ശ്രീകൃഷ്ണനിൽ അൎപ്പിച്ചുകഴിഞ്ഞിരിക്കുന്നു.

ഭവാനീപാഠകൻ: —ധനം മുഴുവനും?

പ്രഫുല്ല: —അതെ, മുഴുവനും.

---

* അതുകൊണ്ടു സൎവ്വദാ അനാസക്തനായി കൎമ്മം ചെയ്യുക. എന്തെന്നാൽ അനാസക്തനായി കൎമ്മം ചെയ്താൽ മനുഷ്യൻ ആത്യന്തികമായ ഭഗവൽപദത്തെ പ്രാപിക്കും.

¶ സകല കൎമ്മങ്ങളും പ്രകൃതിയുടെ ഗുണസമൂഹങ്ങളാൽ നടത്തപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നാൽ അഹങ്കാരമൂഢനായ മനുഷ്യൻ താനാണു കൎത്താവ് എന്നു വിചാരിച്ചുകൊള്ളുന്നു.

§ നീ യാതൊന്നു ചെയ്യുന്നുവോ, യാതൊന്നു ഭക്ഷിക്കുന്നുവോ, യാതൊന്നു ഹോമിക്കുന്നുവോ, യാതൊന്നു ദാനം ചെയ്യുന്നുവോ, യാതൊരു തപസ്സ് ചെയ്യുന്നുവോ അതു് എന്നിൽ സമൎപ്പിക്കുക.

ഭവാനി;—അങ്ങനെയായാൽ കർമ്മം അനാസക്തമാകയില്ല. തന്റെ ആഹാരാർത്ഥം നിനക്കു പ്രവർത്തിക്കേണ്ടിവരും. അപ്പോൾ ആസക്തിയുണ്ടാകും. അതുകൊണ്ട് നിനക്കു ഭിക്ഷാടനം വേണ്ടിവരും. അല്ലെങ്കിൽ ഈ ധനത്തിൽ നിന്നു തന്നെ നിനക്കു ശരീരരക്ഷ ചെയ്യാം. ഭിക്ഷയിലും ആസക്തിയുണ്ട്. അതിനാൽ ആ ധനത്തിൽ കുറെ വച്ചുകൊള്ളണം, ആഹാരത്തിന്.

മാസ്റ്റർ— (ശ്രീരാമകൃഷ്ണദേവനോട് ചിരിച്ചുകൊണ്ട്) ഇതാ വന്നു, കണക്കുബുദ്ധി.

ശ്രീരാമകൃഷ്ണദേവൻ— ഉവ്വ്. കണക്കു കൂട്ടുന്ന ബുദ്ധി തന്നെ. ഭഗവാനെ ആശിക്കുന്ന ഒരുവൻ ഒന്നോടെ ചാടുന്നു. ദേഹരക്ഷാർത്ഥം ഇത്ര പണം ഇരിക്കട്ടെ എന്നുള്ള കരുതലും കണക്കുകൂട്ടലും ഉണ്ടാകുന്നില്ല.

മാസ്റ്റർ—ഭവാനീപാഠകൻ ചോദിക്കുന്നു—ധനം കൊണ്ടു ശ്രീകൃഷ്ണനിൽ അർപ്പണം ചെയ്യേണ്ടതെങ്ങനെയാണെന്ന്. പ്രഫുല്ല പറയുന്നു—ശ്രീകൃഷ്ണൻ സർവ്വഭൂതങ്ങളിലും വർത്തിക്കുന്നു; അതുകൊണ്ട് ധനത്തെ സർവ്വ ഭൂതങ്ങളിലും വിതരണം ചെയ്യും എന്ന്. ഭവാനിപാഠകൻ, ഭേഷ്, ഭേഷ്, എന്നു അനുമോദിച്ചു. വീണ്ടും ഗീതയുദ്ധരിച്ചു തുടങ്ങി.

| | |
|---|---|
| യോമാംപശ്യതിസർവ്വത്ര | സർവ്വം ച മയി പശ്യതി |
| തസ്യാഹം ന പ്രണശ്യാമി | സചമേ നപ്രണശ്യതി |
| സർവ്വഭൂതസ്ഥിതംയോമാം | ഭജത്യേകത്വമാസ്ഥിത: |
| സർവ്വഥാവർത്തമാനോƒപി | സയോഗീമയിവർത്തതേ |
| ആത്മൗപമ്യേനസർവ്വത്ര | സമംപശ്യതിയോƒർജ്ജുന |
| സുഖംവായദിവാദുഃഖം | സയോഗീപരമോമത. * |

ശ്രീരാമകൃഷ്ണദേവൻ:— ഇതു ഉത്തമ ഭക്തന്റെ ലക്ഷണമാകുന്നു.

മാസ്റ്റർ വീണ്ടും വായിച്ചുതുടങ്ങി:—

സർവ്വഭൂതത്തിലും ദാനം ചെയ്യുവാൻ വളരെ ശ്രമപ്പെടേണ്ടതുണ്ട്. ചിലപ്പോൾ വേഷാഡംബരം വേണ്ടിവരും. ചിലപ്പോൾ യഥാർത്ഥം

* യാവനൊരുത്തൻ എല്ലാടവും എന്നെക്കാണുന്നു, സകല വസ്തുവിനേയും എന്നിലും കാണുന്നു, അവനു ഞാൻ ഒരിക്കലും അദൃശ്യനായിരിക്കുന്നില്ല, അവനും ഒരിക്കലും എന്റെ ദൃഷ്ടിക്കു ദൂരസ്ഥനല്ല. യാതൊരുവൻ ജീവനും ബ്രഹ്മത്തിനും അഭേദം ദർശിച്ചിട്ട്, സർവ്വഭൂതസ്ഥിതനായ എന്നെ ഭജന ചെയ്യുന്നുവോ അവൻ ഏതവസ്ഥയിലിരുന്നാലും ശരിതന്നെ, ആ യോഗി എന്നിൽതന്നെ സ്ഥിതിചെയ്യുന്നവനാകുന്നു. അല്ലയോ അർജ്ജുന! സുഖമാകട്ടെ, ദുഃഖമാകട്ടെ, യാവനൊരുത്തൻ തന്റെ തുലന കൊണ്ട് എല്ലാരിലും സമസൃഷ്ടിയായി വർത്തിക്കുന്നുവോ അങ്ങനെയുള്ള യോഗിയാണ് എന്റെ അഭിപ്രായപ്രകാരം സർവ്വശ്രേഷ്ഠൻ.

മറച്ചുവെച്ചു മററുവിധ അഭിനയങ്ങൾ കാണിക്കണം. അതിനാൽ ഭവാനിപാഠകൻ പറഞ്ഞു—ചിലപ്പോൾ കച്ചവടക്കാരനായിരിക്കണം.

ശ്രീരാമകൃഷ്ണദേവൻ;—(നീരസഭാവത്തിൽ) കച്ചവടക്കാരനാകണമത്രേ! അകംപോലെ വാക്കും പുറത്തുവരുന്നു. അഹോരാത്രം വിഷയചിന്ത, ജനങ്ങളുമായി കപടത!, ഇതൊക്കെച്ചെയ്തു ചെയ്ത് വർത്തമാനവും ആവിധമായിരിക്കുന്നു. ഉള്ളിതിന്നാൽ ഉള്ളിയുടെ ഏമ്പക്കം വരും. കച്ചവടകാര്യം പറയാതെ തന്നെ അകർത്താവെന്നു അറിഞ്ഞും കൊണ്ടു് കർത്താവായി പ്രവർത്തിച്ചുകൊള്ളുക" എന്നു പറഞ്ഞേക്കരുതോ?

അന്നൊരിക്കൽ ഒരാൾ ഒരു പാട്ടുപാടി, ആ പാട്ടിൽ ലാഭം നഷ്ടം എന്നീപദങ്ങൾ ധാരാളമുണ്ടായിരുന്നു. പാട്ടുപാടി. ഞാൻ അതു തടഞ്ഞു. രാവും പകലും ഏതൊന്നു ചിന്തിക്കുന്നുവോ അതിനനുരൂപമായി വാക്കുകളും പുറപ്പെടുന്നു.

---

# ശ്രീ ശാണ്ഡില്യകൃത ഭക്തിസൂത്രം.

(തുടർച്ച)

സൂത്രം 73.

ബഹിരന്തരസ്ഥമുഭയമവേഷ്ടിസവവത്

അർത്ഥം. യാഗത്തിലെ അവേഷ്ടിയും, സവവും (യജ്ഞാംഗങ്ങൾ) പോലെ സ്മരണകീർത്തനാദികളും, ബാഹ്യമായും ആന്തരമായും ഗണിക്കാം.

വ്യാഖ്യാനം. രാജസൂയയാഗത്തിലെ അവേഷ്ടി ചിലപ്പോൾ അതിന്റെ ബഹിരംഗമായി വർണ്ണിച്ചിരിക്കുന്നു. ബൃഹസ്പതിസവവും വാജപേയയജ്ഞത്തിന്റെ അംഗമായി സ്വീകരിച്ചിരിക്കുന്നു. ചിലപ്പോൾ അവയെ പ്രത്യേകമായി (യജ്ഞാംഗമല്ലാതെതന്നെ) വർണ്ണിച്ചു അവയുടെ മഹിമയെ വേദത്തിൽ കീർത്തിച്ചിരിക്കുന്നു. ഇതുപോലെ തന്നെ കീർത്തനാദികൾകൊണ്ടു ഉണ്ടാകുന്ന ഭക്തി പരാഭക്തിയിൽ അന്തർഗ്ഗതമാണെങ്കിലും, അതിൽ പ്രത്യേകം രുചിയുണ്ടായാൽ അതുതന്നെ മുഖ്യഭക്തിയായും ഗണിക്കപ്പെട്ടിരിക്കുന്നു. യാഗാദികാര്യങ്ങളിൽ പ്രമാദവശാൽ വല്ല അംഗഹാനിയും സംഭവിച്ചാൽ വിഷ്ണുസ്മരണംകൊണ്ടു് അതു് നീങ്ങി യജ്ഞം സുസമ്പന്നമാകുന്നുവെന്നു് ശ്രുതിയും പറയുന്നു. ഇതുകൊണ്ടു് സ്മരണകീർത്തനങ്ങളുടെ ശ്രേഷ്ഠതയെ തന്നെയാണ് പ്രതിപാദിച്ചിരിക്കുന്നതു്.

### സൂത്രം 74.

സ്മൃതികീത്ത്യോഃ കഥാദേശ്ചാർത്തൌ
പ്രായശ്ചിത്തഭാവാത്.

അത്ഥം. സ്മരണകീത്തനഗുണകഥനാദികൾ ആത്തന്മാക്ക് പ്രായശ്ചിത്തമാണു്.

വ്യാഖ്യാനം. പൂർവ്വകൃതപാപങ്ങൾ നിമിത്തം അനുതാപം ഉണ്ടായി ശാന്തിലാഭത്തിനായി ഈശ്വരകഥാശ്രവണമൊ, കീത്തനമൊ, ചെയ്താൽ അതുകൊണ്ടു തന്നെ പാപം ക്ഷയിക്കുന്നു. ആത്തന്മാരുടെ ഭഗവന്നാമകീത്തനാദികൾ ആത്തന്മാക്ക് പാപപ്രായശ്ചിത്തം ആയി വിധിച്ചിരിക്കുന്നു. (ആശ്രമവിഹിതങ്ങളായധമ്മാനുഷ്ഠാനങ്ങളും, തീത്ഥസ്നാനാദികളും, ശ്രവണകീത്തനങ്ങളെപ്പോലെ ഫലപ്രദമല്ല. സർവ്വപാപപ്രണാശകങ്ങളായ ഭഗവച്ചരിത്രകഥകളെ ശ്രവിച്ചാൽ തൽക്ഷണംതന്നെ നമ്മൾ പരിശുദ്ധരായി തീരുന്നു) മഹാഭാരതം മോക്ഷപവ്വം

### സൂത്രം 75.

ഭൂയസാമനനുഷ്ഠിതിരിതി ചേദാ പ്രയാണമുപസംഹാരാന്മഹത്സ്വപി.

അത്ഥം. ആത്തന്മാർ അധികകമ്മങ്ങൾ അനുഷ്ഠിക്കുന്നില്ലെന്നില്ല. ആമരണം ഭഗവന്നാമസ്മരണകീത്തനാദികളും (ബഹുകമ്മാനുഷ്ഠാനങ്ങൾക്കു തുല്യമായതുകൊണ്ടു്) മഹാപാപങ്ങൾക്കു പ്രായശ്ചിത്തംതന്നെയാണു്.

വ്യാഖ്യാനം യാഗം മുതലായ കാമ്യകർമ്മങ്ങൾ എത്രതന്നെ അനുഷ്ഠിച്ചാലും ഭക്തിയുദിക്കാതെ മുക്തിക്കു ആശിക്കേണ്ട. ഭക്തിവിഹീനമായ കർമ്മങ്ങൾകൊണ്ടു് എന്തുപ്രയോജനം? ഓരോരോ മഹാപാതകത്തിന്റെ നിവൃത്തിക്കായി തുഷാനലാദികൾ അനുഷ്ഠിച്ചാൽ ഒരു ജീവിതത്തിൽ ഒരു മഹാപാപത്തിനുമാത്രം പ്രായശ്ചിത്തംചെയ്വാനെ സാധിക്കയുള്ളൂ. എന്നാൽ അനുതാപപൂർവ്വം ആമരണം ഭഗവന്നാമസ്മരണകീത്തനാദികൾ ചെയ്താൽ സകലപാപങ്ങളും ക്ഷയിക്കുമെന്നു മാത്രമല്ല ഈ ജീവിതത്തിൽതന്നെ നിശ്ചയമായും മനസ്സിനു സാത്വികതയും, ശാന്തിയും ലഭിക്കും. ഇതുകൊണ്ടു ഭക്തിയുക്തനായിനാമസ്മരണവും കീത്തനവും ചെയ്യുന്നതു് സകലയാഗവ്രതാദികളെക്കാളും അധികം മംഗളപ്രദമാകുന്നു. സദാവിഷ്ണുസ്മരണം ചെയ്യുന്നവൻ സർവ്വപാപവിമുക്തനായിതീരുന്നു, എന്നു് വിഷ്ണുപുരാണത്തിൽ (൨-൬-൩൯) പറയുന്നു. ഈശ്വരനെ ശരണം പ്രാപിച്ചാൽ പാപം ക്ഷയിക്കുമെന്നു് മാത്രമല്ല, അന്ദ്രഹത്തിന്റെ സാത്ഥകതാസമ്പന്നമാകയും ചെയ്യും.

## സൂത്രം 76.

ലഘ്വപി ഭക്താധികാരെ മഹത്ക്ഷേ
പകമപരസർവ്വഹാനാത്.

അർത്ഥം. (സ്മരണകീർത്തനാദികൾ) അനായാസസാദ്ധ്യമാണെങ്കിലും അവ മഹാപാതകങ്ങളെ നശിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈശ്വരനെ ശരണംപ്രാപിച്ചിട്ടുള്ളവൎക്ക് മറെറാരു പ്രായശ്ചിത്തം വിധിച്ചിട്ടില്ല.

വ്യാഖ്യാനം. ഭക്തിയുടെ കിരണം അത്യന്തം നിർമ്മലവും സുതീവ്രവുമായതുകൊണ്ട് പാപമാകുന്ന കുന്ധടികൾക്ക് (ഗൂടൽമഞ്ഞു) അതിൻ മുമ്പിൽ അല്പനേരവും ഇരിക്കാൻ സാധിക്കയില്ല. ശ്രദ്ധാപൂർവ്വം ഭഗവന്നാമസ്മരണം ചെയ്യുന്നവരും, ഭഗവദ്ഗത പ്രാണരും, ശരണാഗതന്മാരുമായ മഹാത്മാക്കളെ ലക്ഷ്യമാക്കി, (ഉദ്ദേശിച്ചു) അർജ്ജുനനെ നിമിത്തം (ആലംബം) ആക്കി ഭഗവാൻ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു. "സർവ്വധർമ്മാൻ പരിത്യജ്യമാമേകം ശരണം വ്രജ അഹം ത്വാസർവ്വപാപേഭ്യോ മോക്ഷയിഷ്യാമിമാശുച" ഗീത ൧൮-൬൬. വൈദികവും (വിധിച്ചിട്ടുള്ളതും) അവൈദികവും കാമ്യവും ആയ സകലവിധ കർമ്മങ്ങളേയും ത്യജിച്ച്, ശരീരം, ഇന്ദ്രിയം, മനസ്സ് മുതലായവയുടെ ധർമ്മങ്ങളേയൊ കർത്തൃത്വാഭിമാനത്തേയൊ നിന്നിൽ ആരോപിക്കാതെ എന്നെമാത്രം ശരണം പ്രാപിക്കുക. സകല പാപങ്ങളിൽനിന്നും ഞാൻ നിന്നെ മോചിപ്പിക്കും. (തുടരും)

---

# ഒരു ശിഷ്യന്റെ ഡയറി.

(തുടൎച്ച)

1913-മേ-4-ാംനു-.

ശ്രീമത് ബ്രഹ്മാനന്ദസ്വാമികൾ ബെലൂർ മഠത്തിൽ വച്ചു അനേകം സന്ന്യാസിമാരോടും ഗൃഹസ്ഥഭക്തന്മാരോടും സംസാരിച്ചു കൊണ്ടിരിക്കുന്നു. ഒരു വക്കീലായ കെ—സ്വാമികളോടു തന്റെ സാധനയെ പററിപലതും ചോദിച്ചു. അതിന്നു സ്വാമികൾ ഇപ്രകാരം ഉത്തരം പറഞ്ഞു:—

ധൃതികൂട്ടിയിട്ടു പ്രയോജനമൊന്നുമില്ല. ശരിയായ കാലം വരുന്നതുവരെ അതു നിഷ്പ്രയോജനം തന്നെ. അനുകൂലമായ കാലം വരുന്നതുവരെ മനസ്സിന്റെ നില വാസ്തവത്തിൽ വളരെ പരിതാപകരമാണ്. ആശയും നിരാശയും, പുഞ്ചിരിയും കണ്ണുനീരും വന്നു മന

സ്സിനെ അങ്ങോട്ടുമിങ്ങോട്ടും ഒന്നിടവിട്ടു അടിച്ചുമറിക്കുന്നു. എന്നാൽ ഒരു, കാര്യപ്രാപ്തിയുള്ള ഗുരുവിനെ നിനക്കു ലഭിക്കാൻ കഴിയുമെങ്കിൽ അദ്ദേഹം ചില ആത്മിക പ്രക്രമങ്ങളിൽക്കൂടി നിൻെറ മനസ്സിനെ ഈ നിലക്കപ്പുറം എത്തിച്ചേക്കാം. ശരിയായകാലം വരുന്നതിനുമുൻപ് വളരെ ഉയർന്ന ഒരുനിലയിലേക്കു നിന്നെ തള്ളി പൊക്കിവച്ചാൽ നിനക്കു് അതിൻെറ ശക്തിപ്രവാഹത്തെ സഹിക്കാൻ പക്ഷെ സാധിച്ചില്ലെന്നുവരാം. മധുരനാഥൻെറ ദൃഷ്ടാന്തംതന്നെ എടുക്കുക. ഓ! ഭഗവാന്നു് എന്തമാനുഷശക്തിയാണു് ഇല്ലാതിരുന്നതു്? അക്കാലത്തു് അതു് ഏതോ ഒരു പ്രത്യേകതരം വിശിഷ്ട ശക്തിയാണെന്നു മാത്രമേ ഞങ്ങൾക്കു് ഊഹിക്കാൻ കഴിഞ്ഞിരുന്നൊള്ളു. അതിൻെറ സ്വഭാവം അന്നു ഞങ്ങൾക്കു മനസ്സിലാക്കാൻ സാധിച്ചില്ല. ഇപ്പോൾ അതെന്താണെന്നു ഞങ്ങൾ അറിയുന്നു. ഒരു ദിവസം ഞാൻ ഭഗവാനോടു പറഞ്ഞു, "ഗുരോ എനിക്കു കാമത്തെ ജയിക്കാൻ കഴിയുന്നില്ല. ഞാനെന്താണു് ചെയ്യേണ്ടതു്?" എന്നു് അദ്ദേഹം ഏതോ ചില വാക്കുകൾ അവ്യക്തഭാഷയിൽ ഉച്ചരിച്ചുകൊണ്ടു് എൻെറ ഹൃദയസ്ഥാനത്തു തൊട്ടു. കാമം എന്നിൽനിന്നു് എന്നേക്കുമായി അസ്തമിക്കുകയുംചെയ്തു. അങ്ങനെ ഒന്നുണ്ടെന്നുകൂടി പിന്നീടു ഞാനറിഞ്ഞിട്ടേഇല്ല. അതിൻെറ ആശ്ചര്യത നിനക്കു മനസ്സിലായോ?.

പ്രാണായാമവും മററുയോഗസാധനകളും മററും ഇക്കാലത്തേക്കു യോജിച്ചതല്ല. അവയെ പരിശീലിക്കുന്നതിനു് പരിപൂർണ്ണബ്രഹ്മചര്യം ആവശ്യമാണു്. ആഹാരവും അത്യന്തം സാത്വികമായിരിക്കണം. വിദഗ്ദ്ധനായ ഗുരുവിൻെറ മേൽനോട്ടവും വേണം. ധ്യാനം എന്നതു് ആരംഭത്തിൽ മനസ്സുമായുള്ള ഒരു പോരാട്ടം — അതിനെ അതിൻെറ ചാട്ടങ്ങളിൽനിന്നു പിടിച്ചു ഭഗവാൻെറ പാദത്തിൽ ബന്ധിക്കുന്നതിനു വീണ്ടും വീണ്ടും ഉള്ള ശ്രമം മാത്രമാണു്. ഇതുനിമിത്തം തലച്ചോറിനു വേഗത്തിൽ ചൂടുതട്ടുന്നു. ആദ്യഘട്ടത്തിൽ ഒരുവൻ തലച്ചോറിനെ അത്ര അധികം ദണ്ഡിപ്പിക്കയോ, ശ്വാസത്തെ അധികനേരം അടക്കിവയ്ക്കുകയോ ചെയ്യരുതു്. യഥാർത്ഥധ്യാനം സ്വാധീനമായികഴിഞ്ഞാൽ പിന്നീടു് മൂന്നോ നാലോ മണിക്കൂർ തുടർന്നു ചെയ്തുകൊണ്ടിരിക്കാം. ഉറങ്ങികഴിഞ്ഞു എഴുന്നേററാൽ ഉണ്ടാകുന്നതുപോലെ ശരീരത്തിനും മനസ്സിനും അതു കഴിഞ്ഞാൽ ഒരു കുളിർമ്മതോന്നും.

മനസ്സും ശരീരവും തമ്മിൽ വളരെ അടുത്ത ബന്ധമുണ്ടു്. വയററിനു കുഴപ്പംനേരിട്ടാൽ ഒരിക്കലും ധ്യാനം സുഖമാകയില്ല. അതുകൊണ്ടാണു് ആഹാരത്തെക്കുറിച്ചു ഒട്ടുവളരെ നിയമങ്ങൾ വച്ചിട്ടുള്ളതു്. വയററിൻെറ പകുതിഭാഗം അന്നംകൊണ്ടും, കാൽഭാഗം ജലംകൊണ്ടും നിറയ്ക്കണം. ശേഷിച്ചഭാഗം വായുസഞ്ചാരത്തിനു വെറുതെ വിട്ടിരിക്കണം.

പാപങ്ങളെപ്പററി വിചാരിച്ചു മനസ്സിനെ അസുഖപ്പെടുത്തരുതു്. എന്തെന്നാൽ ഒരു പാപം എത്ര വലുതായിരുന്നാലും അതിന്നു വലിപ്പമുള്ളതു് മനുഷ്യന്റെ കണ്ണിൽ മാത്രമാണു്. ഈശ്വരന്റെ കണ്ണിൽ അല്ല. അദ്ദേഹത്തിന്റെ ഒരു നോട്ടത്തിന്നു കോടിജന്മങ്ങളിലെ പാപത്തെ ഒന്നോടെ ഭസ്മമാക്കാൻ കഴിയും. പക്ഷേ തീർച്ചയായും കർമ്മഫലമുണ്ടു്. എന്തെങ്കിലും തെററു ചെയ്താൽ അതിന്റെ ഫലമായുണ്ടാകുന്ന അശാന്തി മുതലായവയെ സഹിക്കുകയേ നിവൃത്തിയുള്ളൂ.

വൈഷ്ണവന്മാരുടെ സാധനാരീതി നല്ലതാണു്. അവർ പ്രഭാതം മുതൽ രാത്രിവരെ ശ്രീകൃഷ്ണന്റെ ലീലകളെപ്പററി ധ്യാനിക്കുന്നു. ഈ നിമിത്തം മനസ്സിന്നു്, ഒരേകാര്യംതന്നെ വിചാരിക്കുന്നതുകൊണ്ടുണ്ടാകുന്ന മുഷിച്ചിൽ ഉണ്ടാകുന്നില്ല. എന്നാൽ രാധികാദേവിയുടെ സഖിയാണെന്നു വിചാരിച്ചു പെണ്ണുങ്ങളെപ്പോലെ വേഷംകെട്ടിജ്ജീവിക്കുന്നതു മിക്കപ്പോഴും അധഃപതനത്തിന്നു് ഇടവരുത്തുന്നു എന്നാണു് ഞാൻ കണ്ടിട്ടുള്ളതു്.

1913 മേ 14-ാംനു-

ബേലൂർമഠത്തിൽവച്ചു ഉച്ചതിരിഞ്ഞുള്ള ക്ലാസിന്നു ശേഷം ശ്രീമത് പ്രേമാനന്ദസ്വാമികൾ ഇപ്രകാരം സംസാരിക്കുകയുണ്ടായി:—

ഒരുവന്നു യഥാർത്ഥനിഷ്ഠ—ഇഷ്ടദേവനോടുള്ള പൂർണ്ണമായ ഭക്തിയും ആസക്തിയും ആവശ്യമാണു്. പക്ഷേ അതു് ഈശ്വരന്റെ മററുഭാവങ്ങളോടു് വിദ്വേഷത്തെ ജനിപ്പിക്കരുതു്. എന്നോടു ഒരിക്കൽ ഒരു നടന്നസംഭവം ഒരാൾ പറയുകയുണ്ടായി. അതു ഇതാണു:— ഒരു ധനവാന്റെവീട്ടിൽ കാളീദേവിയുടെ വിഗ്രഹം പ്രതിഷ്ഠിച്ചിട്ടുണ്ടായിരുന്നു. ദേവിക്കു് വളരെ ആഡംബരമായി പൂജയും മററും പതിവായി നടന്നുവന്നു. അപ്പോൾ ഒരുദിവസം ഒരു വൈഷ്ണവൻ ചെന്നു് ആ വിഗ്രഹത്തിന്റെ മുൻപിൽ വണങ്ങിക്കൊണ്ടു്, "ജ്യേഷ്ഠത്തി! എന്റെ ജ്യേഷ്ഠൻ എങ്ങനെ ഇരിക്കുന്നു?" എന്നു ചോദിച്ചു. (ചില വൈഷ്ണവന്മാർ കാളീനാഥനായ സദാശിവനെ ഈശ്വരനായി നോക്കുക കൂടിയില്ല. അവർക്കു് അദ്ദേഹത്തെ വിഷ്ണുവിന്റെ ഒരു ഭക്തനും, അങ്ങനെ അവരുടെ ആത്മികസഹോദരനും ആയിമാത്രമേ കരുതാൻ ഇഷ്ടമുള്ളൂ.) ചോദ്യം കേട്ടപ്പോൾ ഗൃഹാധിപന്നു് കാര്യം മനസ്സിലായി. അയാൾ ആ വൈഷ്ണവനെ ക്ഷണിച്ചു സൽക്കരിച്ചിരുത്തിയിട്ടു് അയാളെ ഒരു പാഠംപഠിപ്പിക്കുന്നതിന്നുവേണ്ടി തന്റെ ഭൃത്യന്മാരിൽ ഒരുവനെ വിളിച്ചു കാട്ടുചേനകൊണ്ടു ഒരു പുഴുക്കു് തയാറാക്കിക്കൊണ്ടുവരാൻ പറഞ്ഞു. അതനുസരിച്ചു ആ ഭൃത്യൻ കാട്ടുചേന പുഴുങ്ങിക്കൊണ്ടുവന്നു. ഗൃഹാധിപൻ അതിനെ വൈഷ്ണവന്നു തിന്നാൻ കൊടുത്തു. അതു കാട്ടുചേനയാണെന്നു ആ വൈഷ്ണവൻ അറിഞ്ഞില്ല. അയാൾ അതിൽ ഒരുകഷണം മട്ടത്തു വായിലിട്ടു. ഉടനെ ചൊറിച്ചിലുംതുടങ്ങി. ഗൃഹാധിപൻ ചോദിച്ചു:—"സർ, എന്താണു കൂട്ട

തൽ കഴിക്കാത്തതു?" "സർ, ഇതു ചേനയാണല്ലോ." എന്ന് അതിഥി ഉത്തരം പറഞ്ഞു. അപ്പോൾ ഗൃഹാധിപൻ പറഞ്ഞു:—"ആഹാ, തന്റെ ജ്യേഷ്ഠന് അനേകം കുടം വിഷം കുടിച്ചു ദഹിപ്പിക്കാൻ കഴിയും. തനിക്കു ഒരു കഷ്ണം കാട്ടുചേന കഴിക്കാൻ മേലാ. ഇല്ലേ? എടോ ആരവിടെ! ഒരു വടികൊണ്ടുവരൂ. ഈ അധികപ്രസംഗിയുടെ തല, ഇവൻ ഈ ചേന തിന്നില്ലെങ്കിൽ ഇപ്പോൾതന്നെ തല്ലിപ്പൊട്ടിക്കണം" എന്ന്. വൈഷ്ണവൻ ഏററവും വിനീതനായി. അയാളുടെ അഹന്തമുഴുവൻ നശിച്ചു. ഇനി ഒരിക്കലും താൻ ശിവനെപററി ഇങ്ങനെ പറയുകയില്ലെന്നു സത്യംചെയ്കയും, തനിക്കു മാപ്പുകൊടുക്കണമെന്നു അപേക്ഷിക്കയുംചെയ്തു. പിന്നീടു അയാൾക്കു ആഹാരം കൊടുത്തു് മേലാൽ ഇത്തരം മതഭ്രാന്തു് വച്ചുകൊണ്ടിരിക്കരുതെന്നു ഗൗരവമായി ഉപദേശിച്ചിട്ടു് ഗൃഹാധിപൻ അയാളെ അയക്കുകയും ഉണ്ടായി.

എന്നാൽ നിഷ്ഠ, സത്യവും അന്യദേവന്മാരിൽ ദ്വേഷമില്ലാത്തതുമാണെങ്കിൽ, എളുപ്പത്തിൽ ഈശ്വരാനുഭൂതിയിലേക്കു നയിക്കും. ഭഗവാൻ ഞങ്ങളോട് ഒരു കഥ പറകയുണ്ടായിട്ടുണ്ട്. അതെന്തെന്നാൽ— ഒരിടത്തു രണ്ടു സഹോദരന്മാരുണ്ടായിരുന്നു. അനുജൻ ഗോപാലകൃഷ്ണഭക്തനും, ജ്യേഷ്ഠൻ കാളീഭക്തനും ആയിരുന്നു. ഒരിക്കൽ അവരുടെ തോട്ടത്തിൽ ഒരു വലിയ വാഴക്കുലയുണ്ടായി. ജ്യേഷ്ഠാനുജന്മാർ രണ്ടു പേരിൽ ഓരോരുത്തനും, ആ കുല പഴുക്കുമ്പോൾ തന്റെ ഇഷ്ടദേവനു നിവേദിക്കണമെന്നു മനസ്സിൽ വിചാരിച്ചു. അങ്ങിനെയിരിക്കേ, ആ കുല പഴുത്തു. അപ്പോൾ അനുജൻ വീട്ടിലുണ്ടായിരുന്നില്ല. ജ്യേഷ്ഠൻ കുലവെട്ടി കാളിക്കു നിവേദിച്ചു. അനുജൻ മടങ്ങിവന്നു വിവരം അറിഞ്ഞപ്പോൾ കോപാക്രാന്തനായിട്ടു കാളിയുടെ വിഗ്രഹം തല്ലി ഉടയ്ക്കാനായി ഒരു വടിയുമെടുത്തു് കാളീക്ഷേത്രത്തിൽ കയറിച്ചെന്നു. എന്നാൽ ശ്രീകോവിലിനകത്തു് കാലുവെച്ചപ്പോൾ അയാൾ കണ്ടതു് സിംഹാസനത്തിലിരിക്കുന്ന കൃഷ്ണനെയാണ്. കാളിയെയല്ല. അയാൾക്കു് വലിയ മനസ്താപം ഉണ്ടായി. വഴിതെററി ഗോപാലക്ഷേത്രത്തിൽ കടന്നതായിരിക്കും എന്നു അയാൾ വിചാരിച്ചു. പെട്ടെന്നുതന്നെ പുറത്തിറങ്ങി. വടിയും കൊണ്ടു് മറേറക്ഷേത്രത്തിലേക്കു ഓടിക്കയറി. അപ്പോൾ അവിടെയും അതാ ഗോപാലവിഗ്രഹം! ഉടൻതന്നെ അയാൾക്കു് സത്യം മനസ്സിലായി. ഗോപാലനായവൻ തന്നെയാണ് കാളിയും എന്നു പഠിച്ചു.

ഈശ്വരാനുഭൂതി ലഭിച്ചാൽ ഒരിക്കലും മതഭ്രാന്തനായിരിക്കയില്ല. വിജയകൃഷ്ണഗോസ്വാമിയുടെ കഥതന്നെ നോക്കുക. അദ്ദേഹം ഒരു ബ്രഹ്മഭക്തനായിരുന്നു. എന്നാൽ കുറച്ചു കഴിഞ്ഞു ബ്രഹ്മസമാജം ഉപേക്ഷിച്ചു് തപസ്സ് ചെയ്കയും, ഒരു വൈഷ്ണവനെപ്പോലെ ജീവിക്കയും ചെയ്തു. ഒരു ദിവസം അദ്ദേഹം ശ്രീരാമകൃഷ്ണദേവന്റെ അടു

കൽ വന്നു വിനയത്തോടുകൂടി "സ്വാമിൻ! പലരും എന്റെ അടുക്കൽ വന്ന് ഉപദേശം ചോദിക്കുന്നു ഞാൻ അവക്ക് ഉപദേശം കൊടുക്കട്ടെയോ" എന്നു ചോദിച്ചു. എന്തുകൊണ്ടു പാടില്ല? നിങ്ങൾ അദ്വൈതപ്രഭുവിന്റെ പരമ്പരയിൽ ജനിച്ചയാളല്ലേ? ജന്മനാതന്നെ ഗുരുവാണല്ലോ. നിങ്ങൾക്ക് തീച്ചയായും ഉപദേശം കൊടുക്കാം. എന്നായിരുന്നു ഭഗവാൻ പറഞ്ഞ മറുപടി. ശ്രീസ്വാമിജി (വിവേകാനന്ദസ്വാമി) അമേരിക്കയിൽ നിന്നു മടങ്ങി വന്നപ്പോൾ ഗോസ്വാമി അദ്ദേഹത്തിന്ന് ആളയച്ചു. അന്നു സുഖക്കേടായിരുന്നതുകൊണ്ട് ഗോസ്വാമിക്കു വന്നു കാണാൻ കഴിയാഞ്ഞതു നിമിത്തമാണ് ആളയച്ചതു. സ്വാമിജി കാണാൻ ചെന്നപ്പോൾ ഗോസ്വാമി എഴുനേററ് തന്റെ ആസനത്തിൽ ഇരിക്കാൻ പറഞ്ഞു. എന്നാൽ സ്വാമിജി മടിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞതു് "ശ്രീരാമകൃഷ്ണദേവൻ നിങ്ങളെ എങ്ങനെയാണ് കരുതിയിരുന്നതു് എന്നു എനിക്കറിയാം. നിങ്ങളുടെ മഹിമ ശരിയായി അറിവാൻ ഞങ്ങൾക്കു എങ്ങനെ സാധിക്കും?" എന്നാണ്. പിന്നീട് സ്വാമിജി ഗോസ്വാമി ഇരുന്ന ആസനത്തിൽ ഇരിക്കയും ഗോസ്വാമി താഴെ ഇരിക്കയും ചെയ്തു. ഇതു ഗോസ്വാമിയുടെ ശിഷ്യന്മാക്ക് അത്ര ഇഷ്ടമായില്ല. അവർ അസുഖത്തോടെ രണ്ടുപേരേയും നോക്കിക്കൊണ്ടു നിന്നു.

(തുടരും)

# ശ്രീരാമകൃഷ്ണദേവൻ തന്നെക്കുറിച്ചു തന്നെ.

(മാസ്റ്ററുടെ ഡയറിയിൽനിന്ന്)

1885 ആഗസ്റ്റ് ഒൻപതാംതീയതി ഞായറാഴ്ച രാത്രി ഏകദേശം എട്ടുമണിസമയം. മാസ്റ്റർ, രാഖാൽ, മഹിമാചരണൻ മുതലായ ഭക്തന്മാർ ദക്ഷിണേശ്വരത്തു് ശ്രീരാമകൃഷ്ണദേവന്റെ മുറിയിൽ തറയിൽ ഇരിക്കുന്നു. ഭഗവാൻ കട്ടിലിൽനിന്നു താഴെ ഇറങ്ങി മഹിമാചരണന്റെ അടുത്തുവന്നു അയാളോടു പറയുന്നു:—

"ഞാൻ നിന്നോടു വളരെ നാളായി ഒരു കാര്യം പറയണമെന്നു വിചാരിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇന്നുവരെ അതുപറയാൻ സാധിച്ചില്ല. ഇന്നു പറയണമെന്നു തീച്ചപ്പെടുത്തിയിരിക്കുന്നു. അതു് എന്റെ ആത്മികനിലയെപററിയാണ്. സാധാരണ അഭ്യസിക്കുന്നവക്കെല്ലാം അനുഭവമുണ്ടാകുമെന്ന് നീ പറയുന്നു. എന്നാൽ അതങ്ങനെയല്ല. അതിനെസംബന്ധിച്ചു പ്രത്യേകതയുണ്ട്."

ഭഗവാന്റെ ഈ പ്രഖ്യാപനം ഭക്തന്മാരിൽ വലിയ ആശ്ചര്യമുണ്ടാക്കി. അവർ ശ്വാസംപോലും വിടാതെ ശ്രദ്ധിച്ചു കേൾക്കാൻതുടങ്ങി. ഭഗവാൻ തുടർന്നുപറഞ്ഞു.

"ജഗദംബ എന്നോടു സംസാരിച്ചിട്ടുണ്ട്. ഞാൻ അവരെ കാണുകമാത്രമല്ല ചെയ്തിട്ടുള്ളത്; അവരും ഞാനും തമ്മിൽ നേരിട്ടു സംഭാഷണംനടന്നിട്ടുണ്ട്. ഞാൻ ഒരിക്കൽ * വടതലത്തിൽ ഇരിക്കുമ്പോൾ അംബ ഗംഗയിൽനിന്നു കയറിച്ചെന്നുവന്നു ഓ! അമ്മയുടെ ചിരി! എന്തു ചിരി! വന്നു കളിയായിട്ടു എന്റെ വിരലുപിടിച്ചു ഞെരിച്ചു. പിന്നീടു വർത്തമാനം പറഞ്ഞു എന്നോടു നേരിട്ടു സംസാരിച്ചു.

"ഞാൻ മൂന്നുദിവസം കിടന്നു കരഞ്ഞു; അമ്മ എനിക്കു വേദങ്ങൾ പുരാണങ്ങൾ, തന്ത്രങ്ങൾ ഇവയുടെ എല്ലാം സാരം വെളിവാക്കി തരികയുംചെയ്തു."

"ഒരുദിവസം മായയുടെ മോഹനശക്തിയുടെ രഹസ്യം അമ്മ എന്നെ കാണിച്ചുതന്നു. എന്റെ മുറിയിൽ ഒരു ചെറിയവെളിച്ചം പ്രത്യക്ഷപ്പെട്ടു. അതു് ക്രമേണ വളർന്നു വലുതായി വലുതായി ഒടുവിൽ ലോകം മുഴുവനും വ്യാപിച്ചു് എല്ലാത്തിനേയും അതിൽമുക്കി.

"പായൽനിറഞ്ഞ ഒരു വലിയ കുളവും എനിക്കു കാണിച്ചുതരികയുണ്ടായി. കാററടിച്ചു അതിൽ ചിലതു് അങ്ങോട്ടുമിങ്ങോട്ടും മാറി. അപ്പോൾ വെള്ളം പ്രത്യക്ഷമായി. എന്നാൽ വേഗത്തിൽ തന്നെ ആ പായൽ തുള്ളിക്കൊണ്ടുവീണ്ടും വന്നു് ആ ജലത്തെ മറച്ചു. ജലം സച്ചിദാനന്ദമാണ്. പായൽ അതിന്റെ ദർശനത്തെ മറയ്ക്കുന്ന മായ. ചില ക്ഷണികദർശനങ്ങൾ കിട്ടിയാലും മായ ആ സച്ചിദാനന്ദത്തെ വീണ്ടും മൂടിക്കളയുന്നു.

"ഇവിടെ ഏതുമാതിരി ഭക്തന്മാർ വരുമെന്നു മുൻകൂട്ടിതന്നെ എനിക്കു കാണിച്ചുതരാറുണ്ട്. ചൈതന്യദേവന്റെ സങ്കീർത്തനസംഘം വടതലത്തിനും ബകുളതലത്തിനും മദ്ധ്യേ ഘോഷയാത്രയായി പ്രദക്ഷിണം ചെയ്യുന്നതും എനിക്കു് കാണിച്ചുതന്നു. അതിൽ ബലരാമനേയും ഇവനേയും (മാസ്റ്ററേയും) ഞാൻകണ്ടു.

"ഞങ്ങൾ തമ്മിൽ നേരിട്ടു കാണുന്നതിനുമുൻപു് എനിക്കു് കേശബ്സേനന്റേയും ദർശനം ഉണ്ടായിട്ടുണ്ട്. സമാധിയുടെ ഒരവസ്ഥയിൽ കേശബിന്റേയും അയാളുടെ അനുഗാമികളുടെയും ദർശനമെനിക്കുണ്ടായി. ഒട്ടുവളരെ ആളുകൾ ആ മുറിനിറഞ്ഞു് ഇരുന്നിരുന്നു. കേശബ് പീലികളെല്ലാം വിടർത്തിയ മയൂരത്തെപോലെ ആണ് കാണപ്പെട്ടതു്. വിടർത്തിയ പീലികൾ അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ്. അദ്ദേഹത്തിന്റെ തലയിൽ ഒരു ചുവന്നരത്നം പ്രകാശിച്ചു.

* ദക്ഷിണേശ്വരത്തുള്ള ഒരു സ്ഥലം.

കൊണ്ടിരുന്നു. ഇതു് രജോഗുണലക്ഷണമായിരുന്നു. അദ്ദേഹം പറയുന്നതു് ശ്രദ്ധിച്ചു കേൾക്കുക എന്നു് അപ്പോൾ കേശബ് അവരോടു പറഞ്ഞു. അതിനു ഞാൻ അമ്മയോടു 'അമ്മേ അവരെല്ലാം പാശ്ചാത്യ ആശയങ്ങളെ വച്ചുപുലർത്തുന്നവരാണല്ലോ. ഞാൻ അവരോടു എന്തിനു സംസാരിക്കണം' എന്നു ചോദിച്ചു. അപ്പോൾ അങ്ങനെയുള്ളതെല്ലാം ഈ കലിയുഗത്തു നടക്കുമെന്നു അമ്മ എന്നെ വ്യാഖ്യാനിച്ചു മനസ്സിലാക്കി. അവർ ഇവിടുന്നു ഹരിനാമവും കാളീനാമവും ഗ്രഹിച്ചു. അതുകൊണ്ടാണു് അമ്മ വിജയനെ കേശവന്റെ സംഘത്തിൽ നിന്നും മാററിക്കളഞ്ഞതു്. എന്നാൽ അമ്മ ആദിബ്രഹ്മസമാജത്തിലേക്കു പോയില്ല.

"(തന്നെ ചൂണ്ടിക്കാണിച്ചുകൊണ്ടു്) ഇതിൽ എന്തോ ഉണ്ടു്. കുറെ ദിവസം മുൻപു് ഗോപാലസേനൻ എന്നൊരു കുട്ടി ഇവിടെ വരികപതിവായിരുന്നു. ഇതിലിരിക്കുന്ന തന്റെ പാദം ആ കുട്ടിയുടെ നെഞ്ചിൽ വച്ചു. ഗോപാലൻ പെട്ടെന്നു ഭാവാവിഷ്ടനായിട്ടു് 'നിനക്കു് വരാൻ ഇനി വളരെ വേണ്ടിവരും' എനിക്കു ലൗകികന്മാരുടെ ഇടയിൽ മേലാൽ ഒട്ടുംതന്നെ താമസിക്കാൻ സാധിക്കയില്ല' എന്നു പറഞ്ഞു. അയാൾ എന്നോടു യാത്രപറഞ്ഞു വീട്ടിലേക്കു മടങ്ങി. പിന്നീടു അയാൾ മരിച്ചു എന്നും കേട്ടു.

"എനിക്കു എല്ലാവിധത്തിലുമുള്ള ആശ്ചര്യകരങ്ങളായ ദർശനങ്ങൾ ഉണ്ടായിട്ടുണ്ടു്. അവിഭക്തമായ അഖണ്ഡസച്ചിദാനന്ദത്തെ സ്വല്പം ഒരിടത്തു ഭാഗിച്ചതുപോലെ കാണുകയുണ്ടായി. അതിൽ ഒരു ഭാഗത്തു് കേദാരൻ, ചുനിമുതലായ സാകാരഭക്തന്മാരും ഇഷ്ടികപ്പൊടിപോലെ ചുവന്നു് അത്യുജ്ജ്വലമായ പ്രകാശമുള്ള മറെറ ഭാഗത്തു് സമാധിയിൽ പൂർണ്ണനിമഗ്നനായ നരേന്ദ്രനും ഇരിക്കുന്നുണ്ടായിരുന്നു. ഇങ്ങനെ സമാധിസ്ഥനായ അവനെക്കണ്ടു പേരു ചൊല്ലിവിളിച്ചു. അവൻ കണ്ണു സ്വല്പം തുറന്നു. ഈ രൂപത്തിൽ കൽക്കട്ടായിൽ ഒരു കായസ്ഥകുടുംബത്തിൽ അന്നു ജനിച്ചിരിക്കുന്നു എന്നും ഞാനറിഞ്ഞു. അപ്പോൾ ഞാൻ അമ്മയോടു 'അമ്മേ അവനെ മായകൊണ്ടു ബന്ധിക്കുക അല്ലെങ്കിൽ അവൻ സമാധിയിൽ ശരീരം ഉപേക്ഷിക്കും.' എന്നു പ്രാർത്ഥിച്ചു. ഈശ്വരന്റെ സാകാരഭാവത്തിൽ വിശ്വസിക്കുന്ന കേദാരൻ നരേന്ദ്രനെ ഉളിഞ്ഞുനോക്കുകയും പിന്നീടു എഴുന്നേററോടുകയും ചെയ്തു.

"അതുകൊണ്ടാണു് അമ്മതന്നെ അവതരിച്ചു ഇതിൽ (തന്റെ ശരീരത്തിൽ) ഇരുന്നു ഒരു ഭക്തനെപ്പോലെ കളിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നതു്. ആദ്യം ഞാൻ ഈ നിലയിലെത്തിയപ്പോൾ എന്റെ ശരീരം തേജസ്സുകൊണ്ടു് ഭാസുരമായിത്തീർന്നു. എന്റെ നെഞ്ചിനു ഒരു ചുവപ്പുനിറം വന്നു. 'അമ്മേ ഇങ്ങനെ വെളിയിൽ പ്രകാശിക്കരുതേ. ഉള്ളിൽ അടങ്ങിയിരിക്കണേ' എന്നു ഞാൻ അപ്പോൾ അ

മ്മയോടു പ്രാർത്ഥിച്ചു, അതുകൊണ്ടാണ് ഇനിക്കു ഇപ്പോൾ ഇത്രമോശമായ ഒരു ശരീരം കിട്ടിയിരിക്കുന്നതു്. അല്ലെങ്കിൽ ജനങ്ങൾ എനിക്കൊരു സ്വല്പം ശാന്തത തരികയില്ലായിരുന്നു. അന്നത്തെ ആ ഭാസ്വരശരീരമുണ്ടായിരുന്നെങ്കിൽ ആളുകൾ എന്റെ ചുററും കണക്കില്ലാത്തകൂട്ടമായിരുന്നു. ഇപ്പോൾ വെളിയിൽ പ്രകാശമൊന്നുമില്ല. കഥയില്ലാത്തവരെല്ലാം വന്നിട്ട് അപ്പോഴെ പൊയ്ക്കൊള്ളുന്നു. പരിശുദ്ധിയുള്ള ഭക്തന്മാർ മാത്രമേ ഇപ്പോൾ താമസിക്കാറുള്ളു. എനിക്കു എന്താണ് ഈ സുഖക്കേടു്? അതിന്റെയും ആന്തരാർത്ഥം അതുതന്നെ.

„എനിക്കു ഭക്തന്മാരുടെ രാജാവായിരിക്കണമെന്നു ആഗ്രഹമുണ്ടായിരുന്നു. അതനുസരിച്ചു ഞാൻ അമ്മയോടു പ്രാർത്ഥിച്ചു. ഭഗവാനെ നിർവ്യാജം സ്മരിക്കുന്നവരെല്ലാം ഇവിടെ വരണമെന്നു എനിക്കു വേറൊരാഗ്രഹമുണ്ടായി. അതേ, അവർ വരണം. ഇപ്പോൾ എന്തു സംഭവിക്കുന്നു എന്നു നീ കാണുന്നില്ലേ. ആ ആളുകൾതന്നെ വന്നുകൊണ്ടിരിക്കുന്നു.

„ഈ ശരീരത്തിൽ ആരാണെന്നു എന്റെ അച്ഛനറിയാമായിരുന്നു. അദ്ദേഹത്തിനു ഗയയിൽ വെച്ചു ദർശനമുണ്ടായി. അതിൽ രഘുവീരൻ പ്രത്യക്ഷമായിട്ടു 'ഞാൻ നിന്റെ പുത്രനായി ഭവിക്കാം' എന്നു പറഞ്ഞിരുന്നു.

"അദ്ദേഹവും ഇതിൽ താമസമുണ്ടു്. കാമിനീകാഞ്ചനത്യാഗം! അതെനിക്കു സാധിക്കുമോ? സ്വപ്നത്തിൽക്കൂടി ഞാൻ സ്ത്രീസംഗം അനുഭവിച്ചിട്ടില്ല."

നഗ്നസ്വാമി (തോതാപുരി) എനിക്കു വേദാന്തമുപദേശിച്ചു. മൂന്നുദിവസത്തിനകം എനിക്കു സമാധി അനുഭവമുണ്ടായി. അദ്ദേഹം എന്റെ സമാധി കണ്ടപ്പോൾ ഹോ! ഇതെന്തു! എന്നു ആശ്ചര്യപൂർവ്വം പറഞ്ഞു. കുറെ കഴിഞ്ഞപ്പോൾ എന്നിലിരിക്കുന്നതു് ആരാണെന്നു അദ്ദേഹത്തിനറിയാൻ ഇടവന്നു. അപ്പോൾ എന്റെ അടുക്കൽ വന്നു പോകാൻ അനുവദിക്കണമെന്നപേക്ഷിച്ചു. ആ ചോദ്യം കേട്ടു ഞാൻ സമാധിസ്ഥനായിട്ടു്, 'ഇല്ല യാതൊരുവിധത്തിലും ഞാൻ വേദാന്തം പൂർണ്ണമായി അനുഭവപ്പെടുത്തുന്നതുവരെ നിനക്കു പോകാൻ സാധിക്കയില്ല' എന്നുത്തരം പറഞ്ഞു. അതിനുശേഷം അഹോരാത്രം ഞാൻ അദ്ദേഹത്തോടുകൂടി താമസിച്ചു വേദാന്തത്തിനെപ്പററി വാദപ്രതിവാദം നടത്തി. ബ്രാഹ്മണി പറഞ്ഞു, 'ബാബാ, വേദാന്തത്തെപ്പററി വാദപ്രതിവാദം പാടില്ല. അതു നിന്റെ ഭക്തിക്കു ഹാനിവരുത്തും' എന്നു്.

"ഞാൻ അമ്മയോടുപറഞ്ഞു:—അമ്മേ ഈശരീരം എങ്ങിനെ നിലനിർത്തും? എനിക്കു് സാധുക്കളോടും ഭക്തന്മാരോടുമൊരുമിച്ചു ജീവിക്കാൻ എങ്ങിനെ സാധിക്കും? ഒരുപണക്കാരനെ തരിക," എന്നു്.

അതുകൊണ്ടാണ സേജോബാബു (മധുരനാഥൻ) പതിന്നാലുവർഷം വേണ്ടവിധം ശുശ്രൂഷിച്ചതു്.

"ഇതിനകത്തിരിക്കുന്ന ആറും ഇവിടെ വരുന്ന ഭക്തന്മാർ ഏതേതു് ആത്മികനിലകളിൽ പെട്ടവരാണെന്നു എനിക്കു മുൻകൂട്ടി അറിവു തരുന്നു. ഗൗരംഗനെ ദർശനത്തിൽ എന്റെ മുമ്പിൽ കാണുമ്പോൾ ഗൗരാംഗന്റെ ഒരു ഭക്തൻ വരുന്നു എന്നു ഞാനറിയുന്നു. ഒരു ശാക്തനാണ് വരാൻപോകുന്നതെങ്കിൽ എനിക്കു ശക്തിയുടെ—കാളിയുടെ ദർശനം ഉണ്ടാകുന്നു.

ക്ഷേത്രത്തിൽ ദീപാരാധന നടക്കുന്ന സമയത്തു്—വയ്യുന്നേരം, കഠിയുടെ മുകൾപുരയിൽ കയറിനിന്നുകൊണ്ടു് ഓ! നിങ്ങളെവിടെ? വരിൻവരിൻ!!, എന്നു ഉറച്ചു വിളിക്കാറുണ്ടായിരുന്നു. നോക്കു് അവരെല്ലാം ഓരോരുത്തരായിവരുന്നതു്.

അദ്ദേഹം (ഈശ്വരൻ) തന്നെ ഇതിൽ താമസിച്ചു ഭക്തന്മാരോടു സഹവസിക്കുന്നു.

ഭക്തന്മാരോ എന്തൊരു ആശ്ചര്യഭാവങ്ങളാണ അവക്കുള്ളതു്. ചെറിയ നരന്റെ ശ്വാസം തനിയെ * നിന്നുപോകുന്നു. അവൻ ചിലപ്പോൾ സമാധിയിൽ പ്രവേശിക്കുകയും ആ അവസ്ഥയിൽ ചിലപ്പോൾ രണ്ടരമണിക്കൂറും ചിലപ്പോൾ അതിലധികവും കഴിക്കുകയും ചെയ്യുന്നു. എന്തൊരാശ്ചര്യം!

ഞാൻ ജ്ഞാനയോഗം ഭക്തിയോഗം കർമ്മയോഗം എന്നിഎല്ലാവിധസാധനകളും അനുഷ്ഠിച്ചിട്ടുണ്ടു്. ആയുസ്സ് ദീർഘിപ്പിക്കാൻ വേണ്ടി ഹഠയോഗവും ശീലിച്ചിട്ടുണ്ടു്. ഇതിനകത്തു് ആരോ ഉണ്ടെന്നുള്ളതു് തീർച്ചയാണു്. അല്ലെങ്കിൽ സമാധിയുടെ ഉച്ചഭാവം അനുഭവപ്പെട്ടതിട്ടും ഭക്തന്മാരോട്ടുകൂടി ഞാനെങ്ങനെയാണ ജീവിക്കാൻ ശക്തനായിരിക്കുന്നതു്? വേറൊരാളും സമാധിയിൽനിന്നു മടങ്ങിവരുന്നതു് ഞാൻ കണ്ടിട്ടില്ല. അങ്ങു് നാനാക്കു് ഗുരുതന്നെയാണ്! എന്നു കോവർസിംഗു് പറയുകയുണ്ടായി.

എന്റെ ചുററുമുള്ളവരെല്ലാം വെറും ലൗകികന്മാർ. കാമിനീകാഞ്ചനംതന്നെ നാലുപാടും. എന്നിട്ടും എനിക്കു ഇങ്ങനെയുള്ള ആത്മികഭാവങ്ങൾ കിട്ടുന്നു. തുടരെ സമാധിയും ഉണ്ടാകുന്നു. അതുകൊണ്ടാണ് കുക്ക്സാഹിബ് വന്നപ്പോൾ ആ കപ്പലിൽവച്ചു് എന്റെ സമാധികണ്ടിട്ടു പ്രതാപൻ (മസൂന്ദാർ) പറഞ്ഞതു് 'ഓ ഇദ്ദേഹത്തിനു് എന്തോ ആവേശമുള്ളതുപോലെ തോന്നുന്നു! എന്നു്.'

---

* ഇതു് ആത്മാനുഭൂതിയിൽ ഒരുച്ചാവസ്ഥയുടെ ലക്ഷണമാണു്.

മഹിമാചരനു ഭഗവാനെ മനസ്സിലായോ? അവസാനംവരെ കേട്ടിരുന്നശേഷം ഒടുവിൽ "സ്വാമിൻ ഇതെല്ലാം അങ്ങയുടെ പൂർവ്വകർമ്മഫലമാണ്" എന്ന് അയാൾ പറയുകയുണ്ടായി. അയാൾ പറഞ്ഞതിന്റെ അർത്ഥം ശ്രീരാമകൃഷ്ണദേവൻ ഒരുത്തമസന്ന്യാസിയും ഭക്തനും മാത്രമാണെന്നാണ്. അയാൾക്ക് അത്രേമനസ്സിലായിട്ടൊള്ളൂ.

# ക്രിസ്തീയ ഭക്തചരിതങ്ങൾ.

## 1 അന്റോണിയോ

(അഥവാ)

## കർമ്മവും പ്രാർത്ഥനയും.

പണ്ട് അന്റോണിയോ എന്നു പേരായ ഒരു യുവാവ്, ക്രിസ്തുദേവൻ ബൈബിളിൽ അരുളിചെയ്തതുപോലെ, തന്റെ അപാരമായ ധനമെല്ലാം ദരിദ്രന്മാൎക്ക് കൊടുത്തിട്ട് ഒരു പള്ളിയിൽ പരിശുദ്ധമായ ജീവിതം നയിച്ചുവന്നു. അദ്ദേഹത്തിന്റെ ത്യാഗമാഹാത്മ്യത്താൽ ഈശ്വരവിശ്വാസികളായ പലരും അദ്ദേഹത്തിന്റെ അടുക്കൽ ഈശ്വരകാര്യങ്ങളെപ്പററി അറിയുവാൻ വരിക പതിവായിത്തീൎന്നു. അന്റോണിയോ അവൎക്കെല്ലാം മതസംബന്ധമായ കാര്യങ്ങൾ, തനിക്കറിയാവുന്നിടത്തോളം പറഞ്ഞുകൊടുക്കുകയും ചെയ്തുവന്നു. എന്നാൽ കൂടുതൽ കൂടുതൽ ആളുകൾ വരുന്നതോടുകൂടി തന്റെ മനസ്സിൽ അഹങ്കാരം അധികമാവുന്നുവെന്നും തനിക്കു ധ്യാനപ്രാൎത്ഥനാദികൾക്കു സമയം കിട്ടുന്നില്ലെന്നും ആ ക്രിസ്തുഭക്തൻ മനസ്സിലാക്കി. അതുകൊണ്ട് അന്റോണിയോ വിജനവാസത്തിന്നായി വനത്തിലേക്ക് പോയി.

ശ്രീരാമകൃഷ്ണദേവൻ പറയുന്നതുപോലെ ഒരു മനുഷ്യനെ ശരിയായി അറിയേണ്ടതു് അവന്റെ മനോഗതിയിൽ നിന്നും ആണല്ലൊ. ഏകനായിരിക്കുമ്പോഴല്ലാതെ മററതവസരത്തിലാണ് ഒരുവന്നു തന്റെ മനോഗതിയെ ശരിയായി മനസ്സിലാക്കുവാൻ കഴിയുന്നതു്? എന്തുകൊണ്ടെന്നാൽ ആ സമയത്തു് നമ്മുടെ വിചാരങ്ങൾ നിൎഭയം പുറത്തു വരുന്നു. നാം ശരിയായ ത്യാഗികളാണൊ—കാമകാഞ്ചനങ്ങളെ തീരെ ത്യജിച്ചവരാണൊ—എന്നു് അപ്പോൾ മാത്രമെ നമുക്കറിവാൻ സാധിക്കുകയുള്ളൂ.

അന്തോണിയോ ജനസഞ്ചാരമില്ലാത്ത ഒരു ഘോരവനത്തിൽ സഞ്ചരിക്കുവാൻ തുടങ്ങി. അപ്പോൾ അദ്ദേഹം പലമാതിരി പരീക്ഷകൾക്കു വശംവദനായി. ഒരിക്കൽ അദ്ദേഹം മാർഗ്ഗമദ്ധ്യേ ഒരു വെള്ളിക്കട്ടി കാണുവാൻ ഇടവന്നു. "ഈ വനത്തിൽ വെള്ളികിടക്കുവാൻ കാരണം എന്ത്? മനുഷ്യസഞ്ചാരം ഇവിടെ തീരെ ഇല്ലല്ലോ. ഹാ! ഈശ്വരൻ എന്നെ പരീക്ഷിക്കുകയാണ്. ഈശ്വരൻ, പരീക്ഷിച്ചിട്ടെ ഒരുവനെ തൻെറ ഭക്തനായി സ്വീകരിക്കയുള്ളൂ എന്നു ഞാൻ കേട്ടിട്ടുണ്ട്. ഹേ വെള്ളിക്കട്ടി! നീയല്ലേ പല കലഹങ്ങൾക്കും ലോകത്തിൽ കാരണഭൂതൻ? മകന് അച്ഛനോടും, ഭാര്യക്ക് ഭർത്താവിനോടും, അനുജന് ജ്യേഷ്ഠനോടും, ഭൃത്യന് യജമാനനോടും തമ്മിൽ പിണക്കമുണ്ടാകുന്നത് നീയല്ലേ? അല്ലയോ വെള്ളി! നീയല്ലേ മനുഷ്യന് വളരെ മനഃക്ലേശം കൊടുക്കുന്നത്? നിൻെറ ഇഷ്ടത്തിനുവേണ്ടി എത്ര അധികം ക്ലേശമാണ് ഒരുവൻ സഹിക്കുന്നത്! ഇഷ്ടം ലഭിച്ചാൽ നീ ഒരുവനെ ശാശ്വതമായി സ്നേഹിക്കുന്നും ഇല്ല. അവനെ, ഹൃദയമില്ലാതെ വിട്ടുപോകുന്നു. എടോ വെള്ളിക്കട്ടി! നീ, യേശുഭഗവാൻെറ ദാസനായ എന്നെയും മോഹിപ്പിക്കുവാൻ ഒരുങ്ങിയില്ലേ? അതിനാൽ ഇപ്പോൾതന്നെ നീ ഭസ്മീകൃതമായിപോക" എന്ന് എപ്പോൾ അന്തോണിയോ വിചാരിച്ചുവോ, അപ്പോൾ തന്നെ വെള്ളി ഭസ്മമായി പോയി.

അനന്തരം യുവകേസരിയായ അന്തോണിയോ ഈശ്വരധ്യാനത്തിന്നു സൌകര്യമായ സ്ഥലം തിരഞ്ഞുംകൊണ്ട് വനത്തിൻെറ അന്തർഭാഗത്തിലേക്കു പുറപ്പെട്ടു. അധികം താമസിയാതെ പ്രകാശമാനങ്ങളായ അനവധി സ്വർണ്ണനാണയങ്ങൾ കൂട്ടി ഇട്ടിരിക്കുന്നത് ആ യതിവര്യന്നു പ്രത്യക്ഷപ്പെട്ടു. "ഈശ്വരാ! അങ്ങേയ്ക്കു എന്നെ പരീക്ഷിച്ചതു മതിയായില്ലയോ? ഹേ കനകമേ! നിനക്കു തരാവുന്നതായ ക്ഷണഭംഗുരവും സ്വപ്നപ്രായവുമായ സുഖത്തെക്കാൾ വളരെ വളരെ അധികം പാരമാർത്ഥികവും നിത്യവുമായ സുഖത്തെ ഹൃദയാന്തർഭാഗത്തിലുള്ള ഈശ്വരൻ എനിക്കു തരും. നിന്നെ പ്രാപിക്കുന്നതിനാൽ, തീയുടെ അടുത്തെത്തുന്ന ഈയാംപാററയുടെ നാശകരമായ അനുഭവം എനിക്കുണ്ടാകും. നേരേമറിച്ചു ഈശ്വരനെ പ്രാപിച്ചാൽ എനിക്ക് ഇപ്പോൾ ചിന്തിക്കാവുന്നതിലും വളരെ ഉപരിയായ സുഖം കൈവശമാകും." ഇപ്രകാരം ഈശ്വരനിൽ മനസ്സുറപ്പിച്ച, പല വിദ്വാന്മാരെപ്പോലും മോഹിപ്പിക്കുന്ന കനകസമൂഹത്തെ നിരാകരിച്ചിട്ട്, വിവേകിയും ഭക്തനുമായ ആ ത്യാഗി പിന്നേയും മുന്നോട്ടു നടകൊണ്ടു.

പല രാത്രിയും പകലും ഇങ്ങനെ സഞ്ചരിച്ചശേഷം തൻെറ ബാഹ്യേന്ദ്രിയങ്ങളെല്ലാം മിക്കവാറും തളർന്നപ്പോൾ അദ്ദേഹം ഒരു മലയുടെ അടിവാരത്തിൽ എത്തി. അതിൻെറ താഴ്‌വരയിൽകൂടി ഒഴുകു

ന്നതായ നിർമ്മലജലത്തെ ആഹ്ലാദത്തോടുകൂടി പാനംചെയ്തു. അരികിലുള്ള പനമരത്തിലെ പഴങ്ങൾ തിന്നു് വിശപ്പും ശമിപ്പിച്ചു. അപ്പോൾ മലയുടെ ചരിവിൽ ഒരു ഗുഹയുള്ളതായികണ്ടു. ഗുഹയുടെ മുൻഭാഗത്തു് നിന്നുകൊണ്ടു് യുവാവു് നാലുദിക്കും കുറെനേരം വീക്ഷിച്ചു. പ്രകൃതിവിലാസത്തിന്റെ കേളീരംഗമായ ആ സ്ഥലം അദ്ദേഹത്തിന്റെ മനസ്സിനെ പൊടുന്നനവേ ഈശ്വരാഭിമുഖമാക്കിത്തീർത്തു. അനന്തരം ക്രിസ്തുഭഗവാനെ ഹൃദയപൂർവ്വം വന്ദിച്ചിട്ടു് ഗുഹയിൽ പ്രവേശിച്ചു് അൻറോണിയോ മനസ്സിനെ ഇന്ദ്രിയങ്ങളിൽനിന്നും സംയമിച്ചു ഈശ്വരനോട്ട് സംയോജിപ്പിക്കുവാൻ ആരംഭിച്ചു.

അപ്പോൾ ആ ഭക്തൻ പല ദുർവിചാരങ്ങളാൽ പീഡിതനായി. മനോവേദന സഹിക്കാൻ വഹിയാതായപ്പോൾ അദ്ദേഹം പല തവണ തന്റെ ശിരസ്സിനെ കൂർത്തുമൂർത്ത പാറ ചുമരുകളിൽ അടിച്ചു. ചില അവിദ്യാമൂർത്തികൾ അദ്ദേഹത്തിനോട്ട് ഗുഹ വിട്ടു പോകുവാൻ ആജ്ഞാപിച്ചു. ആ സമയം, അദ്ദേഹം "ഹേ വികൃത സ്വരൂപങ്ങളെ! ഈശ്വരകല്പിതം അപ്രകാരമാണെങ്കിൽ എന്നെ ഹനിച്ചുകൊള്ളുവിൻ. എന്നാൽ നിങ്ങൾ ഈശ്വരഭക്തന്മാരെ അവരുടെസാധനകളിൽ നിന്നു തടയുന്നവരാണെങ്കിൽ ഇവിടെനിന്നും കടന്നു പോകുവിൻ. എന്തുകൊണ്ടെന്നാൽ ഈശ്വരപുത്രനായ യേശുദേവന്റെ ദാസനാകുന്നു ഞാൻ" എന്നു് പറഞ്ഞതുകേട്ടിട്ടു് ആ ദുർദ്ദേവതകൾ ഭയവിഹ്വലരായി ഓട്ടംതുടങ്ങി.

ഇപ്രകാരം വളരെക്കാലംകഴിഞ്ഞു. ഒരു ദിവസം അൻറോണിയോ ക്ഷീണനായി ഗുഹയുടെ പുരോഭാഗത്തു് അധോമുഖനായിരിക്കയായിരുന്നു. അദ്ദേഹത്തിന്റെ മനസ്സ് തപിച്ചു. വിചാരങ്ങളുടെ ആധിക്യത്താൽ ഈശ്വരനെ ധ്യാനിക്കുവാൻകൂടി അശക്തനായി. ആ യുവാവു് വാവിട്ടുകരഞ്ഞു. ഗദ്ഗദസ്വരത്തിൽ ഈശ്വരനോട്ട് ഇപ്രകാരം പ്രാർത്ഥിച്ചു. "അനാഥരക്ഷക! ഭക്തപരിപാലക! ഹൃദയകമലവാസാ! ഞാൻ ഇത്ര കാലം ഈ ഘോരകാനനത്തിൽ വിജനവാസം ചെയ്തിട്ടും നീചവിചാരങ്ങൾ എന്നെ വിട്ടുമാറുന്നില്ലല്ലോ! തത്ഫലമായി മനസ്സ് തിരമാലകളെപ്പോലെ ചലിച്ചുംകൊണ്ടിരിക്കുന്നു. എനിക്കു ശാന്തിനൽകണേ! എന്നെ ഈ ദുർഘടഘട്ടത്തിൽനിന്നും രക്ഷിച്ചു് ശരിയായമാർഗ്ഗം കാണിച്ചുതരേണമേ!". ഭക്തവത്സലനും ദീനദയാലുവുമായ ഭഗവാന്നു് പരമഭക്തനായ അൻറോണിയോവിന്റെ ഹൃദയാന്തർഭാഗത്തിൽനിന്നും പ്രവഹിച്ചതായ പ്രാർത്ഥനയെ എങ്ങിനെ സഫലീകരിക്കാതെയിരിക്കുവാൻ സാധിക്കും.

ഭക്തൻ തലപൊക്കിനോക്കിയപ്പോൾ, അധികം ദൂരെയല്ലാതെ തന്നെപ്പോലെയുള്ള ഒരാൾ ഇരുന്നു് പനഓലമെടയുന്നതായികണ്ടു. അൻറോണിയോ ആശ്ചര്യഭരിതനായി നോക്കിയിരിക്കെ, ആ അന്യൻത

ന്റെ ജോലിയിൽനിന്നും വിരമിച്ച് പ്രാൎത്ഥിക്കുവാൻ തുടങ്ങി. പ്രാൎത്ഥനാനന്തരം പിന്നെയും മുടച്ചിൽ ആരംഭിച്ചു. കുറെക്കഴിഞ്ഞപ്പോൾ വീണ്ടും പ്രാൎത്ഥിക്കുവാൻ മുട്ടുകുത്തി. ഇങ്ങനെ തുടരെത്തുടരെ പ്രാൎത്ഥിക്കുകയും മുടയുകയും മാറിമാറി ചെയ്തുകൊണ്ടിരുന്നു. ഈശ്വരകൃപയാൽ ആ സമയം ജ്ഞാനസൂൎയ്യൻ പ്രകാശിച്ചു് അൻറോണിയോവിന്റെ മനസ്സിലെ അന്ധകാരത്തെ മാററി. അദ്ദേഹത്തിന്ന് കാൎയ്യം മനസ്സിലായി. അപ്പോൾ, ആഗതനായ യേശുദൂതൻ പറഞ്ഞു. "കുഞ്ഞേ അൻറോണിയോ, നിനക്കു കാണിക്കപ്പെട്ടതുപോലെ പ്രവൎത്തിക്കുക. പ്രാൎത്ഥനയും കൎമ്മവും ഇപ്രകാരം മാറിമാറി, തുടൎന്ന് ചെയ്യുക. എന്നാൽ നിനക്കു ശാന്തിലഭിക്കും." ഇങ്ങിനെ പറഞ്ഞതോടുകൂടി ആ ഭക്തശിരോമണിയ്ക്കു് കൎത്തവ്യബോധമുണ്ടായി. ശേഷിച്ച ജീവിതം, ദൎശനത്തിൽ കാണിക്കപ്പെട്ടതു പോലെ, നയിക്കുകയും ചെയ്തു.

---

# കൎമ്മയോഗം.

---

## ഏഴാം അദ്ധ്യായം.

### (തുടൎച്ച)

ഇന്ദ്രിയങ്ങൾക്കും മനസ്സിന്നും വിഷയമായ ഈ ചെറിയ ലോകത്തോട് നമുക്കുള്ള സക്തിയെ നാം പരിത്യജിക്കുന്നു എങ്കിൽ നാം ഉടനെ മുക്തന്മാരാകും. ബന്ധമോചനത്തിനുള്ള ഏകമാൎഗ്ഗം നിയമോപാധികളെ അതിക്രമിക്കുകയാകുന്നു, നിമിത്തത്തെ അതിലംഘിക്കുകയാകുന്നു.

ഈ ജഗത്തിനോടുള്ള ആസക്തിയെ പരിത്യജിക്കുകഎന്നതു് ഏററവും പ്രയാസമുള്ള സംഗതിയാകുന്നു. ദുൎല്ലഭം ചിലൎക്കു മാത്രമേ അതു സാദ്ധ്യമാകുന്നുള്ളു. അതിന്നു രണ്ടു വഴികൾ ഞങ്ങളുടെ ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഒന്നു്, 'നേതി' 'നേതി' (ഇതല്ല, ഇതല്ല) എന്നും, മറെറതു് 'ഇതി, 'ഇതി, (ഇതുതന്നെ, ഇതുതന്നെ) എന്നും പറയപ്പെടുന്നു. ആദ്യത്തേതു നിഷേധപരവും രണ്ടാമത്തേതു് സ്വീകാരപരവും ആകുന്നു. നിഷേധമാൎഗ്ഗം ദുസ്സാദ്ധ്യം—അതു സാധാരണന്മാൎക്കു പററിയതല്ല. അത്യുച്ചവും അന്യാദൃശവും ആയ മനസ്സും ഗംഭീരമായ ഇച്ഛാശക്തിയും ഉള്ളവൎക്കുമാത്രം അതു സാദ്ധ്യമാകുന്നു. അവർ വെറുതെ എഴുന്നേററുനിന്ന്, ജഗത്തിനെനോക്കി, 'ഇതല്ല. ഇതു ഞാൻസ്വീകരിക്കുകയില്ല, എന്നു പറയുന്നു; അവരുടെ മനസ്സും ദേഹവും അവരുടെ കല്പനയെ അനുസരിക്കുന്നു. അവർ ജയം നേടുകയും ചെയ്യുന്നു. ആ തരക്കാർ എത്രയോ ദുൎല്ലഭം. മിക്കമനുഷ്യരും സ്വീകാരപര

10638

മായ മാർഗ്ഗത്തെ അനുസരിക്കുന്നു. അതു ലോകത്തെ സ്വീകരിച്ചുകൊണ്ടും ബന്ധമോചനത്തിന്നു ബന്ധങ്ങളെത്തന്നെ സഹായമാക്കിക്കൊണ്ടും പോകുന്ന വഴിയാകുന്നു, അതും ഒരുവക പരിത്യാഗംതന്നെ. പക്ഷേ അതു് സാവകാശത്തിലും ക്രമത്തിൽക്രമത്തിൽ ഉണ്ടാകുന്നതും വിഷയങ്ങളെ അറിഞ്ഞും വിഷയങ്ങളെ അനുഭവിച്ചും പരിചയം സമ്പാദിച്ചു് വസ്തുക്കളുടെ തത്വം ഗ്രഹിച്ചു് ഒടുവിൽ അവയെല്ലാം നിസ്സാരങ്ങളാകുന്നു എന്നു കണ്ടു് എല്ലാററിനേയും ത്യജിച്ചു് മനസ്സ് നിസ്സംഗമായ്ത്തീരുന്നതുമാകുന്നു. നിസ്സംഗത്വം സമ്പാദിക്കുന്നതിന് ഒന്നാമതായ് പറഞ്ഞ വഴി തത്വവിചാരംകൊണ്ടും രണ്ടാമതായ് പറഞ്ഞത് കർമ്മപരിചയങ്ങളേക്കൊണ്ടുമാകുന്നു. ആദ്യത്തെതു ജ്ഞാനയോഗം; യാതൊരുകർമ്മവും ചെയ്യാതിരിക്കുന്നതാകുന്നു അതിലെ പ്രത്യേകത; പിന്നത്തേതു് കർമ്മയോഗം; അതിൽ കർമ്മത്തിൽനിന്നു വിരമിക്കുക എന്നുള്ളതില്ല. ജഗത്തിൽ എല്ലാവർക്കും കർമ്മം ചെയ്യേണ്ടതായുണ്ടു്. കേവലം ആത്മാരാമന്മാരും ആത്മതൃപ്തന്മാരും ആത്മഭിന്നമായ യാതൊന്നിലും മനസ്സുചെല്ലാത്തവരും സർവ്വസ്വവും ആത്മാവായിട്ടുള്ളവരും മാത്രം കർമ്മംചെയ്യുന്നില്ല. മററുള്ളവർ കർമ്മംചെയ്യണം. പ്രകൃത്യാ പാഞ്ഞൊഴുകുന്ന ഒരു സരിത്തു്: അത് ഒരു തടത്തിൽവീണ് ഒരു ചുഴിയായിത്തീരുന്നു: കുറെനേരം അതിൽചുഴന്നു് പായുന്നു: വീണ്ടും പുറത്തേക്കുപുറപ്പെട്ടു് സ്വതന്ത്രപ്രവാഹമായ് തടവററു് ഒഴുകിപ്പോകുന്നു. ഓരോ മനുഷ്യജീവിതവും ആ ഒഴുക്കുപോലെയാകുന്നു. അതു ചുഴിയിൽ പെടുന്നു, ദേശകാലനിമിത്തമയമായ ലോകത്തിൽ കുടുങ്ങുന്നു, എന്റെ അച്ഛൻ, എന്റെ സഹോദരൻ, എന്റെ പേരു്, എന്റെ യശസ്സ്, എന്നിങ്ങിനെ മുറവിളികൂട്ടി കുറെ നേരം ചുററിത്തിരിയുന്നു. ഒടുവിൽ അതിൽനിന്നു പുറത്തുകടന്നു് പൂർവ്വസ്വാതന്ത്ര്യതയെ പ്രാപിക്കുന്നു. ജഗത്തുമുഴുവനും അതാകുന്നു ചെയ്യുന്നതു്. നാം അറിയുന്നുണ്ടെങ്കിലും ഇല്ലെങ്കിലും ബോധപൂർവ്വമായിരുന്നാലും അല്ലെങ്കിലും നാം എല്ലാവരും കർമ്മം ചെയ്യുന്നതു് ഈ വിഷയസ്വപ്നത്തിൽനിന്നു് ഉണരുവാനായിട്ടാകുന്നു. മനുഷ്യന്നു ലോകത്തിലുള്ള അനുഭവങ്ങൾ എല്ലാം ഈ വിഷയച്ചുഴിയിൽനിന്നു് നിർഗ്ഗമിപ്പാൻ മനുഷ്യനെ ശക്തനാക്കുവാൻ വേണ്ടിയുമാകുന്നു.

കർമ്മയോഗം എന്നാൽ എന്തു്? കർമ്മത്തിന്റെ രഹസ്യത്തെ അറിയുന്നതു്. ലോകം മുഴുവനും കർമ്മം ചെയ്യുന്നതു് നാം കാണുന്നു. എന്തിനു വേണ്ടി? മുക്തിക്കു്, സ്വാതന്ത്ര്യത്തിന്നു്; മനസ്സിന്നു സ്വാതന്ത്ര്യം, ദേഹത്തിന്നു സ്വാതന്ത്ര്യം, ആത്മാവിന്നു് സ്വാതന്ത്ര്യം, ഈ ഒരു കാര്യത്തിന്നാകുന്നു അണുമുതൽ അത്യുൽകൃഷ്ടൻ വരെ കർമ്മം ചെയ്യുന്നത്. ബന്ധനത്തിൽ നിന്നു ഓടിയകന്നു് സ്വാതന്ത്ര്യം പ്രാപിപ്പാനാകുന്നു സർവ്വവസ്തുക്കളും സർവ്വനേരവും യത്നിക്കുന്നത്. സൂര്യനും ചന്ദ്രനും ഭൂമിയും ഗ്രഹങ്ങളും എല്ലാം ബന്ധനത്തിൽ നിന്നു ഓടിപ്പോകുവാനാകുന്നു ശ്രമിക്കുന്നതു്. കേന്ദ്രത്തിൽ നിന്നകലുക, കേന്ദ്രത്തോടടുക്കുക, എന്നീ

പ്രപഞ്ച ശക്തികൾ വാസ്തവത്തിൽ നമ്മുടെ ജഗത്തിൻെറ തോതാകുന്നു. പ്രപഞ്ചത്തിൽ കിടന്നു് അലട്ടുകൾ സഹിച്ചു അടിയും കൊണ്ടു് വളരെക്കാലം ചെന്നതിനു ശേഷം വസ്തുക്കളുടെ യഥാൎത്ഥ തത്വം ഗ്രഹിക്കുന്ന സമ്പ്രദായത്തിനു പകരം നാം കൎമ്മയോഗത്തെ ആശ്രയിച്ചു കൎമ്മത്തിൻെറ രഹസ്യവും കൎമ്മത്തിൻെറ രീതിയും കൎമ്മത്തിൻെറ സംഘടനാശക്തിയും മനസ്സിലാക്കുന്നു. അതിനെ ഉപയോഗിക്കേണ്ട രീതി നമുക്കു് അറിവില്ലാതിരുന്നാൽ ഒട്ടധികം ശക്തി നിഷ്ഫലമായി തന്നെ ചിലവാകും. ലോകത്തിലുള്ള സൎവ്വശക്തികളേയും ഉത്തമ രീതിയിൽ ഉപയോഗിക്കേണ്ടതു് എങ്ങിനെ എന്നു നമുക്കു പഠിപ്പാൻ തക്ക വണ്ണം കർമ്മയോഗം കർമ്മത്തെ ഒരു ശാസ്ത്രമാക്കുന്നു. കർമ്മം ഒഴിച്ചു കൂടാത്തതാകുന്നു, അതു് അങ്ങിനെ വേണം താനും; എന്നാൽ കൎമ്മം ചെയ്യുന്നതു് പരമോദ്ദേശ്യം സാധിക്കുന്ന വിധമായിരിക്കണം. ഈ ലോകം അഞ്ചു നിമിഷനേരത്തെ കാൎയ്യം, അതിൽക്കൂടെ നാം കടന്നുപോകണം എന്നുള്ള ഒരുവസ്തുത സ്വാതന്ത്ര്യം ഇവിടെഇല്ല, ഇതിനപ്പുറത്തെ കാണുകയുള്ളൂ, ഈ സംഗതി കൎമ്മയോഗം നമ്മെക്കൊണ്ടു സമ്മതിപ്പിക്കുന്നു. ലോകബന്ധങ്ങളെ അതിക്രമിപ്പാനുള്ള വഴി കണ്ടെത്തുവാൻ നാം സാവകാശത്തിലും ഉറപ്പോടുംകൂടിയും അതിൽക്കൂടെ യാത്രചെയ്ക തന്നെ വേണം. എന്നാൽ ഞാൻ നടെ പറഞ്ഞവിധമുള്ള വിശിഷ്ട പുരുഷന്മാരുണ്ടാകാം. സൎപ്പം അതിൻെറ പടം പൊഴിച്ചു കളഞ്ഞു്, മാറിനിന്നു് അതിനെ നോക്കുന്നതുപോലെ ലോകത്തെ നിഷ്പ്രയാസം ത്യജിച്ചു് മാറി നിൽക്കുവാൻ ശക്തന്മാരായ ധീരപുരുഷന്മാർ തീൎച്ചയായും ഉണ്ടു്. അവരെ ഒഴിച്ചു് മററു മനുഷ്യൎക്കുള്ള ഗതി കൎമ്മത്തിൽക്കൂടിയും പതുക്കെ പതുക്കെയും ആകുന്നു. അതിൻെറ സമ്പ്രദായം ഇന്നതെന്നു അതായതു ഏററവും ഗുണം കൂട്ടുന്ന വിധം കൎമ്മം ചെയ്യാനുള്ള രീതിയും രഹസ്യവും ഇന്നതാകുന്നു എന്നു കൎമ്മയോഗം കാണിച്ചു തരുന്നു.

കർമ്മയോഗം എന്തുപദേശിക്കുന്നു? "നിരന്തരം കർമ്മം ചെയ്യുക, പക്ഷേ കർമ്മാസക്തി മുഴുവൻ പരിത്യജിക്കുക." ഒന്നിനോടും താദാത്മ്യപ്പെട്ടുപോകരുതു്. മനസ്സിനെ സ്വതന്ത്രമാക്കിവെക്കുക. ഈ ദുഃഖങ്ങളും ഈ ക്ലേശങ്ങളും ഈ കാണുന്ന സമസ്തവും ഈ ലോകത്തിൻെറ നിലനില്പിനാവശ്യമുള്ള അവസ്ഥകൾ മാത്രമാണു്. ദാരിദ്ര്യമൊ ധനമൊ സുഖമൊ എല്ലാം ക്ഷണികംമാത്രം. അവയൊന്നും നമ്മുടെ യഥാൎത്ഥപ്രകൃതിയിൽ ചേൎന്നവയേയല്ല. നമ്മുടെ സ്വഭാവം സുഖദുഃഖങ്ങളെ എത്രയോദൂരം അതിക്രമിച്ചുള്ളതാകുന്നു. അതു സൎവ്വേന്ദ്രിയാൎത്ഥങ്ങൾക്കും അപ്പുറം ഇരിക്കുന്നതും കല്പനാശക്തിക്കുപോലും വിഷയമല്ലാത്തതുമാകുന്നു. എന്നിരിക്കിലും നാം കൎമ്മം സൎവ്വദാ ചെയ്തുകൊണ്ടുതന്നെഇരിക്കണം. "ദുഃഖമുണ്ടാകുന്നതു് സക്തിനിമിത്തമാകുന്നു, കർമ്മം നിമിത്തമല്ല." നാം ചെയ്യുന്ന കർമ്മത്തോടു് നമുക്കു് എപ്പോൾ മമതാസക്തിയുണ്ടാകുന്നുവോ അപ്പോൾ നമുക്കു് ദുഃഖവും ഉണ്ടാകുന്നു. എന്നാൽ ആ

കർമ്മത്തിൽ സക്തിയില്ലാതിരിക്കുന്ന പക്ഷം നമുക്കു ദുഃഖം ഉണ്ടാകുന്നതുമില്ല. അന്യന്റെ വകയായ ഒരു ഭംഗിയുള്ള ചിത്രം കത്തിപ്പോകുന്ന പക്ഷം അതിനെക്കുറിച്ചു് ഒരുവൻ വളരെ ദുഃഖിക്കുന്ന പതിവില്ല. എന്നാൽ അവന്റെ ചിത്രം കത്തിപ്പോകുമ്പോൾ അവൻ എത്ര കഠിനമായിദുഃഖിക്കുന്നു. ഈ വ്യത്യാസത്തിന്നു കാരണമെന്ത്? രണ്ടും ഭംഗിയുള്ള ചിത്രങ്ങളായിരുന്നു, ഒരേ ചിത്രത്തിന്റെ പകർപ്പുകളായിരുന്നു എന്നു വരാം. എങ്കിലും അതിൽ ഒന്നിന്റെ കാര്യത്തിൽ മറ്റേതിലെക്കാൾ എത്രയോ അധികമായ ദുഃഖം അനുഭവിക്കുന്നു. അതിനുള്ള കാരണം ഒന്നിൽ സക്തി, മമതാബന്ധം ഉണ്ടെന്നും മറ്റേതിൽ ഇല്ലെന്നും ഉള്ളതാകുന്നു. ഞാനെന്നും എന്റേതെന്നും ഉള്ള ഭാവനയാകുന്നു സർവ്വദുഃഖങ്ങൾക്കും മൂലം. തന്റേതു് എന്ന ഭാവത്തോടുകൂടി സ്വാർത്ഥം ഉണ്ടായി. സ്വാർത്ഥം ദുഃഖത്തെയുംവലിച്ചിട്ടു. സ്വാർത്ഥപരമായ ഏതൊരു കർമ്മവും വിചാരവും നമ്മെ ഏതെങ്കിലും ഒരു വസ്തുവിനോടു ബന്ധിപ്പിക്കും, ആ ബന്ധം നമ്മെ അടിമപ്പെടുത്തുകയും ചെയ്യും. ഞാൻ എന്നും എന്റേതെന്നും പറയുന്ന ചിത്തതരംഗം (വിചാരം) ഓരോന്നും ഉടനടി നമ്മുടെ കണ്ഠത്തിൽ ഒരു ശൃംഖല ചുറ്റി നമ്മെ അടിമപ്പെടുത്തുന്നു. ഞാൻ എന്നും എന്റേതെന്നും എത്രത്തോളം അധികം നാം പറയുന്നുവൊ അത്രത്തോളം അധികം ബന്ധം വർദ്ധിക്കുന്നു, ദുഃഖവും വളരുന്നു. അതുകൊണ്ടു കർമ്മയോഗം നമ്മോടു് നിങ്ങൾ ലോകത്തിലുള്ള സകല ചിത്രങ്ങളുടേയും സൌന്ദര്യം കണ്ടാനന്ദിച്ചുകൊൾവിൻ, എന്നാൽ ഒന്നിനോടും മമത ബന്ധിക്കാതിരുപ്പിൻ, എന്നു പറയുന്നു. എന്റേത് എന്ന് ഒരിക്കലും പറയരുതു്. ഒരു സാധനം എന്റേതാകുന്നു എന്നു നാം എപ്പോൾ പറയുന്നുവോ അപ്പോൾ ഉടനെ ദുഃഖംഉണ്ടാകുന്നു. എന്റെകുഞ്ഞു് എന്നു മനസ്സുകൊണ്ടു് പറകപോലും ചെയ്യരുതു്. കുഞ്ഞിനെ വെച്ചിരുന്നുകൊൾക, പക്ഷെ എന്റേത് എന്നു് പറയരുതു്. പറഞ്ഞാൽ ദുഃഖം ഫലം. എന്റെ വീടു് എന്നു പറയരുതു്. എന്റെ ശരീരം എന്നു് പറയരുതു്. ദുർഘടം മുഴുവനും ഇവിടെയാകുന്നു, ശരീരം നിങ്ങളുടേതൊ എന്റേതൊ മറ്റാരുടേതോ അല്ല. പ്രകൃതിനിയമങ്ങളെ അനുസരിച്ചു് ശരീരങ്ങൾ വന്നും പോയും ഇരിക്കുന്നു. നാമാവട്ടെ (അതുകളിൽനിന്നു് അകന്നു്) സാക്ഷികളായിനില്ക്കുന്ന സ്വതന്ത്രന്മാരാകുന്നു. ഈ ശരീരം ഒരു ചിത്രത്തിനേക്കാളൊ ചുമരിനെക്കാളോ അധികം സ്വാതന്ത്ര്യമുള്ളതല്ല. പിന്നെ ശരീരത്തോടു് നാം ഇത്ര അധികം സക്തന്മാരാകേണ്ട കാര്യമെന്ത്? ഒരാൾ ഒരു ചിത്രം എഴുതുന്നു എങ്കിൽ ആയാൾ ആ പ്രവൃത്തി ചെയ്തുകഴിയുന്നു, പോകുന്നു. "അതെനിക്കുവേണം" എന്നുള്ള സ്വാർത്ഥകൈനീട്ടേണ്ട, അതു നീട്ടിയാൽ ഉടനെ ദുഃഖം തുടങ്ങുകയായി.

അതുകൊണ്ടു് ഒന്നാമത് സ്വാർത്ഥകൈനീട്ടുവാനുള്ള വാസനയെ നശിപ്പിക്കുക, അതിനെ ഒതുക്കുവാനുള്ള ശക്തി നിങ്ങൾക്കുണ്ടാകു

പ്പോൾ അതിനെ അമർത്തിതാഴ്ത്തുകയും മനസ്സിൽ സ്വാർത്ഥം അലയടിപ്പാൻ സമ്മതിക്കാതിരിക്കയും ചെയ്ക, എന്നു കർമ്മയോഗം ഉപദേശിക്കുന്നു. പിന്നെ നിങ്ങൾക്കു ലോകത്തിൽ ഇറങ്ങി കഴിയുന്നത്ര കർമ്മം ചെയ്യാം. എവിടെയും ഇടപഴകാം. ഇഷ്ടമുള്ളേടത്തു പോകാം, ദോഷം ഒരിക്കലും നിങ്ങളെ സ്പർശിക്കുകയില്ല. താമരയില വെള്ളത്തിലിരിക്കുന്നു, എങ്കിലും വെള്ളത്തിന്നു അതിനെ തൊട്ടു് അതിൽ പററുവാൻ കഴിയുന്നില്ല. അതുപോലെയായിരിക്കും ലോകത്തിൽ നിങ്ങളുടെ സ്ഥിതി. ഇതാകുന്നു വൈരാഗ്യം, രാഗമില്ലായ്മ, അസക്തി എന്നു പറയുന്നതു. വൈരാഗ്യമില്ലാതെ ഒരു യോഗവും അഭ്യസിക്കാവുന്നതല്ലെന്നു ഞാൻ നിങ്ങളോടു പറഞ്ഞിട്ടുണ്ടെന്നു വിശ്വസിക്കുന്നു. വൈരാഗ്യമാകുന്നു സർവ്വയോഗങ്ങളുടെയും അടിസ്ഥാനം. ഒരു മനുഷ്യൻ ഗൃഹവാസവും ശുഭ്രവസ്ത്രധാരണവും സുഖഭക്ഷണവും ത്യജിച്ചു് മരുഭൂമിയിൽ ചെന്നിരുന്നാലും ആയാൾ വലിയ സക്തനായിരിക്കാം. അപ്പോൾ ആയാൾക്കു ശരീരം മാത്രമാകുന്നു സ്വന്തമായിട്ടുള്ളതു; അതു് ആയാളുടെ സർവ്വസ്വമായ്ത്തീന്നു് ആയാളുടെ ചിന്തമുഴുവൻ അതിലായിരിക്കാം; ആയാളുടെ ജീവിതം മുഴുവനും ആ ദേഹത്തിന്നു വേണ്ടിയുള്ള ക്ലേശം മാത്രമായുമിരിക്കും. ഈ സ്ഥൂലശരീരത്തെ സംബന്ധിച്ച വല്ല കർമ്മത്തിലും അല്ല നിസ്സംഗത്വം ഇരിക്കുന്നതു് അതു് മനസ്സിലിരിക്കുന്നു. 'ഞാൻ' 'എന്റെ' എന്നു നമ്മെ ബന്ധിക്കുന്ന ചങ്ങലക്കണ്ണി മനസ്സിലുള്ളതാകുന്നു. ആ ബന്ധം നമുക്കു ശരീരത്തോടും ഇന്ദ്രിയാർത്ഥങ്ങളോടും ഇല്ലാതിരിക്കുന്നപക്ഷം നാം എവിടെയിരുന്നാലും ഏതു നിലയിലിരുന്നാലും നാം അസക്തന്മാരാകുന്നു. ഒരാൾ സിംഹാസനത്തിന്മേലിരുന്നാലും കേവലം അസക്തനായിരിക്കാം. മററൊരാൾ കീറത്തുണിയുടുത്തു നടക്കുന്നവനായാലും അതിസക്തനുമായിരിക്കാം. അസക്തി, നിസ്സംഗത്വം എന്നുള്ള അവസ്ഥ സമ്പാദിക്കുകയാകുന്നു നാം ആദ്യം ചെയ്യേണ്ടതു്, അതിന്നുശേഷം സദാ കർമ്മം ചെയ്യുകയും. സർവ്വസംഗവും പരിത്യജിക്കുന്നതു് വളരെ പ്രയാസംതന്നെയാകുന്നു എങ്കിലും അതു ചെയ്യാൻ നമ്മെ സഹായിക്കുന്ന രീതി ഇന്നതാകുന്നു എന്നു് കർമ്മയോഗം നമുക്കു കാണിച്ചുതരുന്നു. (തുടരും)

# ശ്രീരാമാനുജചരിതം

## (അവതാരകാരണം)

ശ്രീ സമ്പ്രദായ പ്രണേതാവായ മഹാനുഭാവന്റെ ചരിതാമൃതം ആസ്വദിക്കുന്നതിന്നുമുമ്പായി സമസ്തബ്രഹ്മാണ്ഡത്തിന്നും നായികയായ ശ്രീദേവിയുടെ ചരണകമലങ്ങളിൽ സാഷ്ടാംഗം പ്രണമിക്കുന്നു.

ആകാരത്രയസമ്പന്നാ-മരവിന്ദനിവാസിനീം
അശേഷജഗദീശിത്രീം-വന്ദേവരദവല്ലഭാം.

ശ്രീദേവി, ലീലാദേവി, ഭൂദേവി എന്നീ ആകാരത്രയങ്ങളിൽ യാതൊരുദേവി വിരാജിക്കുന്നു, യാതൊരുദേവി വികസിതമായ കമലമദ്ധ്യത്തിൽ നിവസിക്കുന്നു, യാതൊരുദേവി സർവ്വനിയന്താവിന്റെ സഹധർമ്മിണിയായിരിക്കുന്നു, ആ വിശ്വബന്ധുവിന്റെ ഹൃദയവിലാസിനിയുടെ ചരണപത്മങ്ങളെ ഞാൻ വന്ദിക്കുന്നു.

ചൈത്രാർദ്രാസംഭവംവിഷ്ണോ
ർദ്ദർശനസ്ഥാപനോത്സുകം
തുണ്ഡീരമണ്ഡലേ ശേഷമൂർത്തിം
രാമാനുജംഭജേ.

യാവനൊരുത്തൻചൈത്രമാസത്തിലെ ആർദ്രാനക്ഷത്രത്തിൽ തുണ്ഡീരദേശത്തിൽ അഥവാ-ചോളദേശത്തിൽ വിഷ്ണുഭക്തി പ്രധാനമായ ശാരീരകമീമാംസയുടെ ഭാഷ്യത്തെ പ്രചരിപ്പിക്കാനായിട്ട് അവതരിച്ചു, അനന്താവതാരമായ ശ്രീരാമാനുജനെ ഞാൻ വന്ദിക്കുന്നു.

പ്രപഞ്ചത്തിന്റെ ഏതുഭാഗത്തേക്കു നോക്കിയാലും അവിടെ എല്ലാംഭാവാഭാവങ്ങളുടെ വിഷമമായ യോജിപ്പുകാണാൻ കഴിയും. അഭാവത്തിന്റെ തള്ളലാൽ ഭാവരാശി അങ്ങുമിങ്ങും സഞ്ചരിച്ച് വിഷമപൂർണ്ണമായ സംസാരമരീചികയെ വിപുലമാക്കുന്നു. ജീവന്മാർ അന്നവസ്ത്രാദികളുടെ അഭാവത്താൽ ഭീതരായിട്ട് അതുകളെസംഭരിക്കാനുള്ള ആഗ്രഹം നിമിത്തം ഏതെല്ലാം വിധത്തിൽ ശാരീരികവും മാനസികവുമായ മാർഗ്ഗമാലോചിച്ച് അവലംബിക്കുന്നു! അത്യന്തം അനനുകൂലമായ ശീതോഷ്ണങ്ങളുടെ പീഡയാൽ സാമ്യാവസ്ഥ കുറഞ്ഞു് നിരന്തരം എത്ര എത്ര വിക്ഷേപങ്ങൾ ആകാശത്തിൽ ഉത്ഭവിക്കുന്നു! സദാ പരിവർത്തനശീലമായ സംസാരതരുവിന്റെ മൂലം അഭാവമാകുന്നു. ഈ അഭാവം ദൂരീഭൂതമായില്ലെങ്കിൽ സംസാരബന്ധത്തെ അതിക്രമിച്ച് നിത്യശാന്തി സമ്പാദിപ്പാനുള്ള ആഗ്രഹത്തിന് മനസ്സിൽ സ്ഥാനം നൽകുന്നതാരാണു്? ഇതുകൊണ്ടു് അഭാവത്തെ പരിഹരിക്കുകയത്രേ ശാന്തിപ്രിയവും ജഡചൈതന്യാത്മകവുമായ ഭാവവസ്തു നിവഹത്തിന്റെ ഏകോദ്ദേശ്യം. ഇതുനിമിത്തം ഭാവാഭാവങ്ങൾ തമ്മിലുള്ളയുദ്ധം അനാദികാലംമുതൽ നടന്നുകൊണ്ടിരിക്കുന്നു. ഇതത്രേ സംസാരമെന്നു പറയപ്പെടുന്നതു്. പരിണാമത്തിൽ ഈ യുദ്ധത്തിൽ ആർക്കാണു് ജയമുണ്ടാകുന്നതു്? ഭാവത്തിനോ അഭാവത്തിനോ? ശ്രീകൃഷ്ണഭഗവാൻപറയുന്ന ഈ ചോദ്യത്തിന്റെ ഉത്തരം "അഭാവ"ശബ്ദത്തിന്റെ അർത്ഥമാലോചിച്ചാൽ അനായാസേനലഭിക്കും. "നാസതോവിദ്യതേഭാവോ നാഭാവോവിദ്യതേസതഃ" അസത്ത് അഥവാ അഭാവവസ്തുവിന് സത്തത

ന്നെ ഇല്ല. കേവലം ഭാവവസ്തുമാത്രം നിത്യസ്ഥായിയാകുന്നു, ആകയാൽ, ഹേ! മനുഷ്യ! നീ ഏതൊന്നിനേ സംസാരം സംസാരമെന്നുപറഞ്ഞു ഭയപ്പെടുന്നു, അത് നിന്റെ ഭ്രമമാണ്, എന്തെന്നാൽ, അഭാവത്തെ ആശ്രയിച്ച് അതിന്മീതേ നിൽക്കുന്നത് അഭാവമല്ലാതെ ഭാവമാകുകയില്ല. ശൂന്യത്തിന്മീതേ ശൂന്യമേ നിൽക്കുകയുള്ളൂ. നിന്റെ യുദ്ധങ്ങൾ കേവലം ശൂന്യത്തോടാണെന്ന് ബോദ്ധ്യപ്പെടുമ്പോൾ പിന്നെ ഇപ്രകാരമുള്ള യുദ്ധത്തിൽ നിനക്ക് പ്രവൃത്തി ഉണ്ടാകുകയില്ല. അന്നുമാത്രമേ നിനക്ക് നിത്യശാന്തി പ്രാപിക്കുവാൻ അധികാരം ലഭിക്കയുള്ളൂ. അപ്പോൾമാത്രമേ നിന്റെ സകലകുറവുകളും വിട്ടൊഴിയുകയുള്ളൂ. അന്ന് നീ നിന്റെ പൂർണ്ണതയേ മനസ്സിലാക്കി ആനന്ദിക്കാൻ ശക്തനാകും. അന്നു മാത്രമേ നീ യഥാർത്ഥതത്വദർശിയാകുകയുള്ളൂ. എന്തെന്നാൽ, "ഉഭയോരപിദൃഷ്ടോന്തസ്ത്വനയോസ്തത്വദർശിഭിഃ" തത്വദർശികൾക്കു മാത്രമേ ഭാവാഭാവങ്ങളുടെ പാർത്ഥക്യം അറിവാൻ സാധിക്കൂ.

അഭാവങ്ങളെ ദൂരീകരിക്കുകയത്രേ പ്രാണികളുടെ ധർമ്മം. അഭാവം ഉണ്ടായാൽ തൽപരിഹാരത്തിനുള്ള ശ്രമം പ്രാണിലോകത്തിൽ സർവ്വത്രകാണപ്പെടുന്നു. അഭാവത്തേക്കുറിച്ച് അശ്രാന്തം ദ്വേഷദൃഷ്ടി ഇരിക്കുന്നതും ക്ഷണനേരംപോലും അഭാവത്തിനു തന്റെ ഉള്ളിൽ സ്ഥാനം നൽകുന്നതിനു സമ്മതിക്കാതിരിക്കുന്നതും ജീവൻ ഭാവപദാർത്ഥമായതുകൊണ്ടാകുന്നു. എല്ലായ്പോഴും പൂർണ്ണാവസ്ഥയിലിരിക്കുക അവന്റെ സ്വഭാവമാകുന്നു. അവൻ അക്ഷരനെന്ന നാമമുള്ളവൻ—ആരംഭസമാപ്തികളില്ലാത്തവൻ—അനാദ്യന്തൻ ഇതത്രേ ജീവന്റെ പരമാർത്ഥതത്വം.

തത്വവിചാരം ചെയ്തു നോക്കുമ്പോൾ ജീവസ്വരൂപത്തേസംബന്ധിച്ച് ഇപ്രകാരമാണറിയുന്നത്. എന്നാൽ, ആ ജീവൻതന്നെ എപ്രകാരം വിചാരിക്കുന്നു എന്നു നോക്കാം. ഓരോജീവനും താൻ ദേഹമെന്നുവിചാരിക്കുന്നു. ഇത് സുതരാംസ്പഷ്ടമായതുകൊണ്ട് മററുപ്രമാണങ്ങളെ അപേക്ഷിക്കുന്നില്ല. ഇതുകൊണ്ട് അവൻ ദേഹത്തിന്റെ ജനനമരണങ്ങളോടുകൂടി തന്റെ ജനനമരണങ്ങളും സംഭവിക്കുന്നു എന്നു വിചാരിക്കുന്നു. ഇതു നിമിത്തം ശ്രുതിപറയുന്നത്:—

"നസാമ്പരായഃ പ്രതിഭാതിബാലം
പ്രമാദ്യന്തം വിത്തമോഹേനമൂഢം
അയം ലോകോനാസ്തിപരഇതിമാനീ
പുനഃ പുനർ വശമാപദ്യതേമേ"

"ധനദുർമ്മദത്താൽ അന്ധനും പ്രമാദഗ്രസ്തനും മൂഢനുമായ മനുഷ്യൻ പരലോകത്തിൽ വിശ്വസിക്കാൻ ശക്തനാകുന്നില്ല. ഇഹലോ

കം തന്നെ സത്യം, പരലോകമേ ഇല്ല. ഈവിധമുള്ള ധാരണയാൽ അവർ വീണ്ടും വീണ്ടും മൃത്യുപാശത്തിൽ ആബദ്ധനാകുന്നു" വസ്തുതയാ മൃത്യുഭയം ഏതു പ്രാണിക്കാണ് ഇല്ലാത്തത്? മൃത്യുവിനെ ആരും തന്നെ ഇഷ്ടപ്പെടുന്നില്ല. എന്തെന്നാൽ, മൃത്യുശബ്ദത്താൽ സാധാരണ ജനങ്ങൾ ഭാവത്തിൻെറ അഭാവം അഥവാ ജീവിതത്തിൻെറ പരിസമാപ്തി എന്നു ധരിച്ചിരിക്കുന്നു. ഇതുകൊണ്ട് അഭാവവിദ്വേഷിയും ഭാവസ്വരൂപിയുമായ ജീവൻ എല്ലായ്പ്പോഴും മൃത്യുവിനെ ഭീതിയോടും വെറുപ്പോടും നോക്കുന്നു. ഇതും ജീവൻെറ നിത്യത്വത്തിന് ഒരു പ്രമാണമാകുന്നു. ജീവൻ സ്വഭാവേന അനിത്യനായാൽ—അഭാവസ്വരൂപനായാൽ മൃത്യുവിനെക്കുറിച്ച് ഇപ്രകാരമുള്ള ഭയവും വെറുപ്പും അവനു ഉണ്ടാകുകയില്ല.

ശ്രീരാമകൃഷ്ണദേവൻ സുന്ദരവും സരളവുമായ ഉപമയാൽ ഈ ഭയം അടിസ്ഥാനരഹിതമാണെന്നു സ്പഷ്ടമായിക്കാണിച്ചിട്ടുണ്ട്. ഹരിയുടെ പിതാവു ഒരു വ്യാഘ്രമുഖം കൊണ്ടുവന്നു ഹരിയ്ക്കു കൊടുത്തു. അവൻ അതു കിട്ടിയപ്പോൾ വളരെ സന്തോഷിച്ചു, ഒരുദിവസം അവൻ ആ വ്യാഘ്രമുഖം ധരിച്ചുകൊണ്ട് കനിഷ്ഠസഹോദരിയായ സരളയെ ഭയപ്പെടുത്തുന്നതിനാരംഭിച്ചു. ആ സമയം സരള പാവകളുടെ വിവാഹത്തിൽ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഉടനേ ഹരി വികൃതമായി ശബ്ദിച്ചുകൊണ്ട് അവളുടെ നേരേ ചാടിവീണു. ബാലിക ആ ഭീഷണരവം കേട്ടും ബീഭത്സമുഖം കണ്ടും ഭയപ്പെട്ടു വിറച്ചുകൊണ്ട് അമ്മാ! അമ്മാ! എന്നു നിലവിളിച്ചുകൊണ്ട് ഓടി രക്ഷപ്പെടാൻ മാർഗ്ഗം നോക്കി. നിർഭാഗ്യത്താൽ ഹരി കവാടങ്ങൾ മുൻപേ ബന്ധിച്ചിരുന്നു. തന്മൂലം കർത്തവ്യവിമൂഢയായിട്ട് അവൾ വീണ്ടും ഉച്ചത്തിൽകരഞ്ഞുതുടങ്ങി. ഹരിയാകട്ടെ സോദരിയുടെ ഭീതികണ്ടിട്ട് ഉടനേ വ്യാഘ്രമുഖം എടുത്തു കളഞ്ഞു. വ്യാഘ്രത്തിനു പകരം സ്വസഹോദരനേക്കണ്ട് സരള രോമാഞ്ചിതയായി. ഭയം കുറഞ്ഞപ്പോൾ ഭ്രാതാവിനേ ആലിംഗനം ചെയ്തു ചിരിക്കാൻ തുടങ്ങി. അവളുടെ സകല ഭയങ്ങളും വ്യാകുലതയും ഇല്ലാതെയായിട്ടു യഥാപൂർവ്വം കളിയിലേർപ്പെട്ടു. അല്ലയോ മനുഷ്യാ! ത്രിതാപഹാരിയായ ഹരിയും അപ്രകാരം ഭീഷണമായമായയുടെ മുഖത്തെ ധരിച്ചുകൊണ്ട് ഇടയ്ക്കിടയ്ക്കു ഭയപ്പെടുത്തുന്നു. അപ്പോൾ നീ ദുഃഖാകുലനായി അത്യന്തം വ്യസനിക്കുന്നു. ഈ ശോകം കേവലം അജ്ഞാനജന്യമാകുന്നു. ഉള്ളിൽ സ്നേഹമയനായ ശ്രീഹരിയുടെ സുസ്മിതവദനം കാണാൻ ശക്തനാകാത്തതുകൊണ്ട് ഇപ്രകാരം വ്യാകുലനാകുന്നു. എങ്കിലും എന്തുകൊണ്ട് പ്രാണനുപേക്ഷിക്കുന്നില്ല? അതിൻെറ കാരണം കൌതുകപ്രിയനായ ഹരി ഇടയ്ക്കിടയ്ക്കു വ്യാഘ്രമുഖം അഴിച്ചു കളയുന്നു. രുദ്രമൂർത്തി തിരോഹിതമായിട്ട് സ്വന്തം ദക്ഷിണമൂർത്തിയുടെ രൂപത്തെ പ്രകാശിപ്പിക്കുകയും ആവിധം നിൻെറ ഹൃദയത്തെ പുളകിതമാക്കി എന്നന്നേക്കും നിന്നെ അനുരാഗതഭക്തനാ

ക്കിത്തീർക്കുകയും ചെയ്യുന്നു! ഇതുതന്നെയാണ് മായ. ഇതുകൊണ്ടത്രേ വേദവിഭാഗകർത്താവായ ശ്രീകൃഷ്ണദ്വൈപായനൻ പറഞ്ഞിരിക്കുന്നത് "ഹാസോ ജനോന്മാദകരീ ച മായാ"—അതായത്, മായ ഭഗവാന്റെ നിഖിലമാനവമനോമോഹനകാരിയായ മധുരഹാസ്യമാകുന്നു. ശിശുവിന്റെ പ്രഫുല്ല വദനത്തിലെ അമൃതമയമായ ഹാസ്യം ഏതു മാതാപിതാക്കളുടെ മനസ്സിനെ ആനന്ദോന്മത്തമാക്കുന്നില്ല? യുവതിയുടെ കമനീയവും സ്മിതവികസിതവുമായ ഓഷ്ഠാധരം ഏതു യുവാവിന്റെ ഹൃദയത്തെയാണ് ആകർഷിക്കാത്തത്? ഭൗതിക സൗന്ദര്യത്തിന് ഇപ്രകാരമുള്ള ശക്തിയുണ്ടെങ്കിൽ ഈശ്വരന്റെ ദിവ്യസൌന്ദര്യം അതിനേക്കാൾ അനന്തഗുണം ബലവത്താകുമെന്നുള്ളതു് സംശയരഹിതമാകുന്നു. ആര്യർഷികൾ അതിന്റെ മാധുര്യം നിരന്തരമനുഭവിക്കുകയും ഭീഷണമായ രുദ്രമൂർത്തിയുടെ പിന്നിലും മനോഹരവും നിത്യസ്നേഹമയവുമായ അദ്ദേഹത്തിന്റെ മധുര മൂർത്തിയുടെ സാക്ഷാൽക്കാരത്തിനായിട്ട് ആഗ്രഹിക്കയും ഒടുവിൽ സമ്പൂർണ്ണം സഫലകാമന്മാരാകയും ചെയ്തിരുന്നു. അവർ ലോകനിയന്താവിന്റെ ചരണങ്ങളിൽ സദാ ഇപ്രകാരം പ്രാർത്ഥിച്ചിരുന്നു.

"മധുവാതാഋതായതേ മധുക്ഷരന്തിസിന്ധവഃ
മാധ്വീർണ്ണസന്തോഷധീഃ മധുനക്തമുതോഷസോഃ
മധുമൽപാർത്ഥിവംരജഃ മധുദ്യൌരസ്തുനഃ പിതാ
മധുമാൻനോവനസ്പതിർമ്മധുമാം അസ്തുസൂര്യഃ മാ
ധ്വീർഗാവോഭവന്തുഃ

അതായതു, ഹേ വിശേശ്വര! വായു എപ്രകാരം മാധുര്യത്തേ വർഷിച്ചുകൊണ്ട് സഞ്ചരിക്കുന്നു, സാഗരവും നദികളുംഎപ്രകാരം മധുക്ഷരണം ചെയ്യുന്നു അപ്രകാരം ക്ഷത്രിയിഹിതവാദികളെ ഉണ്ടാക്കി ഞങ്ങൾക്ക് മാധുര്യത്തേ നല്കിയാലും! രാത്രികാലവും ഉഷഃകാലവും മധുമയമാകട്ടെ, പൃഥ്വിയുടെ ധൂളികളും മധുമയമാകട്ടെ, പിതാവിനേപ്പോലെ ഉന്നതവും മഹത്തുമായ ആകാശം ഞങ്ങൾക്കുമധുവിനേ വർഷിക്കട്ടെ. ഉന്നതങ്ങളായ വൃക്ഷങ്ങൾ നാനാതരത്തിലുള്ള ഫലങ്ങളാൽ സുശോഭിതമായിട്ട് മധുമയമാകട്ടെ. സൂര്യദേവൻ മധുവിനേ വികിരണം ചെയ്യട്ടെ. ഞങ്ങളുടെ പശുക്കൾ സുമധുരമായ ദുഗ്ദ്ധത്തേ പ്രദാനം ചെയ്തിട്ട് മധുമയമായി ഭവിക്കട്ടെ" മനുഷ്യൻ സ്വഭാവതഃ ആനന്ദമയനാണ്, അതിനാൽ ആനന്ദലബ്ധിക്കായി പരമാനന്ദമയനായ വിരാട്പുരുഷനെ ശരണം പ്രാപിക്കുന്നു. സ്വഭാവേന ആനന്ദമയനായിരിക്കുന്നവന് നിരാനന്ദം എവിടെനിന്നുണ്ടാകുന്നു? വിളക്കിനടുത്ത് അന്ധകാരം ഇരിക്കുകയില്ല. എന്നാൽ കണ്ണില്ലാത്ത ദോഷത്താൽ വെളിച്ചം അന്ധകാരമായി തോന്നുന്നതുപോലെ ജ്ഞാനരാഹിത്യത്താൽ ആനന്ദമയ

നായ പുരുഷൻ സ്വയം നിരാനന്ദനെന്നു വിചാരിക്കുന്നു. അജ്ഞാനത്താൽ മുൻപറഞ്ഞ ഭ്രമബുദ്ധി ഉണ്ടായാലും തന്മൂലം വസ്തുശക്തിക്ക് യാതൊരു വ്യത്യാസവുമുണ്ടാകുന്നില്ല. ആനന്ദമയൻ ആനന്ദമയനായിത്തന്നെ ഇരിക്കുന്നു, രജ്ജു രജ്ജുവായിത്തന്നെ ഇരിക്കുന്നു. സർപ്പത്തെപ്പോലെ തോന്നിയാലും ഒരിക്കലും സർപ്പമാകുന്നില്ല.

എന്നാൽ, ഇതും സ്വീകാര്യമാണ്. എന്തെന്നാൽ, മനസ്സ് അജ്ഞാനത്താൽ ആവൃതമാകുന്നതുവരെ മനുഷ്യൻ സ്വസ്വരൂപത്തെ അറിവാൻ പ്രയത്നിക്കണം. അവൻ ക്ഷണനേരവും അലസനായിരിക്കരുത്. ഈ അസ്ഥിരതതന്നെയാണ് ജീവിതം. ഏതൊരു മനുഷ്യനിൽ ഈ പ്രാണസ്പന്ദനം ബലവത്തായിരിക്കുന്നു അവൻ അചിരേണ തന്റെ നിത്യത്വത്തേയും ആനന്ദമയത്വത്തേയും അറിഞ്ഞ് കൃതാർത്ഥനാകും. യാതൊരുവന്റെ പ്രാണസ്പന്ദനം അതിമൃദുവായിരിക്കുന്നു അവൻ അജ്ഞാനത്താൽ അഭിഭൂതനാകുന്നു. തമസ്സിനാൽ ആവൃതമായ അവന്റെ ഹൃദയത്തിൽ അവന്റെ സ്വസ്വരൂപം ഒരിക്കലും പ്രതിബിംബിക്കയില്ല. രാജസബലത്താൽ തമസ്സിനെ ദൂരീകരിക്കണം. ഒടുവിൽ രജസ്തമസ്സുകളെ ഉപേക്ഷിച്ച് ശുദ്ധസത്വപ്രദീപത്താൽ തന്റെ പൂർണ്ണതയെ മനസ്സിലാക്കി ജനനമരണ പ്രവാഹരൂപമായ സംസാരത്തിന്റെ പിടിയിൽ നിന്നും മോചനം പ്രാപിക്കണം. ഇതത്രേ ഉത്തമമായ ഏകമാർഗ്ഗം. "നാന്യഃപന്ഥാവിദ്യതേഽയനായ" തമോഗുണത്താൽ ആവൃതനായ മർത്ത്യൻ താപത്രയങ്ങളുടെ കളിപ്പാവതന്നെയാണ്. ത്രിതാപത്തിന്റെ ആധിപത്യം അവനിൽ ഇത്ര പ്രബലമായതെന്ത്? അതു മുൻപറഞ്ഞതിനെ സമ്മതിച്ചാൽ അനായാസേന ബോദ്ധ്യമാകും. പൂർണ്ണൻ അജ്ഞാനശക്തിയാൽ അപൂർണ്ണനെന്നു വിചാരിക്കുന്നു. രാജാവ് താൻ യാചകനെന്നു ഭാവിച്ച് യാചകോചിതങ്ങളായ ആഹാരവിഹാരങ്ങൾ സ്വീകരിച്ചാൽ അദ്ദേഹത്തിന്റെ ദുഃഖത്തിന് ഒരിക്കലും ശമനമുണ്ടാകാത്തതുപോലെ സച്ചിദാനന്ദസ്വരൂപനായ മനുഷ്യൻ താൻ ജന്മമൃത്യുജരാവ്യാധികളാൽ ഗ്രസിക്കപ്പെട്ടവനാണെന്ന് വിചാരിച്ച് സങ്കടത്തിന്റെ പരമകാഷ്ഠയെ പ്രാപിക്കുന്നു. രജഃപ്രഭാവത്താൽ തമസ്സു നശിക്കുമ്പോൾ സത്വത്തിന്റെ ഉദയമുണ്ടാകുന്നു. അപ്പോൾ തന്റെ യഥാർത്ഥ തത്വത്തെ അറിഞ്ഞിട്ട് മനുഷ്യൻ പരമാനന്ദമനുഭവിക്കുന്നു. വിരാട്പുരുഷൻ വ്യാഘ്രമുഖം ധരിച്ചുകൊണ്ടു അവനെ പിന്നെ ഭയപ്പെടുത്തുകയില്ല. അപ്പോൾ സമസ്തലോകവും അവന് മധുമയമായി തോന്നും.

(തുടരും)

# രാജയോഗം.

പാഠം ൬.

(തുടൎച്ച)

സുഷുമ്ന സുഷുമ്നയിൽ ധ്യാനിക്കുന്നതു വളരെ ഉപയോഗമുള്ളതാണ്. നിങ്ങൾക്ക് അതിൻെറ ഒരു ദർശനം ഉണ്ടായതായിവന്നേക്കാം. ഇതാണ് ഏററവും നല്ലവഴി. പിന്നീട് അതിന്മേൽ വളരെ നേരം ധ്യാനിക്കണം. അതു് വളരെ സൂക്ഷ്മമായി, വളരെ പ്രകാശമാനമായ ഒരു നൂലാണ്. നട്ടെല്ലിനുള്ളിൽക്കൂടിയുള്ള ഈ സചേതനമാർഗ്ഗം, ഏതൊന്നിൽക്കൂടി നാം കുണ്ഡലിനിയെ ഉണർത്തികയററണമോ ആ മുക്തിമാർഗ്ഗം ഇങ്ങനെയുള്ളതാണ്.

യോഗികളുടെ ഭാഷയിൽ സുഷുമ്നയുടെ രണ്ടററവും രണ്ടു പത്മങ്ങളിലാണ്. താഴത്തെ അററം കുണ്ഡലിനിയുടെ ത്രികോണത്തിനു ചുററുമുള്ള പത്മത്തിലും മുകളിലെ അററം മൂർദ്ധാവിലുള്ള പത്മത്തിലും. ഇവയ്ക്കു ഇടയ്ക്കായി നാലുപത്മങ്ങൾ, അതായതു വഴിയിൽ നാലുപടികൾ ഉണ്ടു്.

൬-ാമത് സഹസ്രാരം (മൂർദ്ധാവിൽ)
൫ ,, ഭ്രൂമധ്യത്തിൽ
൪ ,, തൊണ്ടയ്ക്കടിയിൽ
൩ ,, ഹൃദയത്തിൻെറ നിരപ്പിന്
൨ ,, നാഭിയ്ക്കെതിരെ
൧ ,, നട്ടെല്ലിൻെറ ചുവട്ടിൽ

നാം കുണ്ഡലിനിയെ ഉണർത്തി തലച്ചോറിൽ എത്തുന്നതുവരെ അതിനെ ഒരു പത്മത്തിൽ നിന്നു മറെറാന്നിലേക്കായി പതുക്കെ ഉയർത്തണം. ഓരോ നിലയും മനസ്സിൻെറ ഓരോ പുതിയ അടുക്കിനോടു സദൃശമായിരിയ്ക്കുന്നു.

ശുഭം.

# നമ്മുടെ താൽക്കാലിക ധനസ്ഥിതിയും ഹിന്ദുധർമ്മോദ്ധാരണവും.

---

നമ്മുടെ താൽക്കാലിക ധനസ്ഥിതി വളരെ ശോചനീയമാണെന്നും അതിൽ നിന്നും മുക്തന്മാരായി കഠിനദാരിദ്ര്യംബഹുജനങ്ങളെ ബാധിക്കാതിരിക്കാൻവേണ്ടി എല്ലാപേരും അത്യന്തം ശക്തിയോടും സ്വാർത്ഥം കൂടാതേയും ഉദ്യമിക്കേണ്ടതാണെന്നും, ഭാരതത്തിൽ സ്വല്പമെങ്കിലും ആലോചനാശക്തി ഉപയോഗിക്കുന്നവൎക്കെല്ലാം പ്രത്യക്ഷമാണ്. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവൎക്ക് കൂടിയും ആധുനിക ഭാരതീയരുടെ ദാരിദ്ര്യം എത്ര കഠിനമാണെന്ന് ഗ്രഹിക്കാൻ പ്രയാസം. സമ്പൽസ്ഥിതികളുള്ള കണക്കുകൾ ശാസ്ത്രജ്ഞന്മാർ ഇപ്പോൾ വളരെ സൂക്ഷ്മമായി ഗണിക്കുന്നുണ്ട്. ഇവ നോക്കുമ്പോൾ നമ്മുടെ ദാരിദ്ര്യാവസ്ഥ എത്ര കഠിനമാണെന്നു കാണാം. യുദ്ധത്തിന് മുമ്പിൽ ൧൯൧൩, ൧൪-ലെ കണക്ക് കൊണ്ട് ഭാരതത്തിൽ ഒരാളിന്റെ ശരാശരി വരവ് ആണ്ടിൽ ൪൪ രൂപാ അല്ലെങ്കിൽ ൩ പവൻ ആണ്. ഇപ്പോൾ സമ്പൽസമൃദ്ധിയിൽ അഗ്രസ്ഥാനം വഹിക്കുന്ന അമ്മേരിക്കയിലെ ഐക്യനാടുകളിൽ ആളൊന്നിന് ശരാശരി വരവ് ൭൨ പവൻ ആണ്. ബ്രിട്ടീഷ് രാജ്യത്തിൽ ൫൦ പവനും, ജൎമ്മനിയിൽ ൩൦ പവനും ജപ്പാനിൽ ൬ പവനും ആണ്. ആഹാരദ്രവ്യങ്ങളിലും ഇതുപോലെതന്നെ. ഭാരതത്തിൽ എല്ലാജനങ്ങളും ഒരു വിധത്തിൽ ഭക്ഷണം കഴിക്കുന്നതിന് ൯൧൦ ലക്ഷം ടൺ ധാന്യം ആവശ്യമുണ്ട്. ഇപ്പോൾ നാം കൃഷി ചെയ്തുണ്ടാക്കുന്നതു് ഇതിൽ നേരുപകുതിയിൽ കുറച്ചു കൂടുതലായ ൪൯൦ ലക്ഷം മാത്രമാണ്. തിരുവിതാംകൂറിൽതന്നെ നമുക്കു വേണ്ട അരിയും നെല്ലും ഏറിയഭാഗം വെളിയിൽനിന്നും വരുത്തേണ്ടിയിരിക്കുന്നുവെന്ന് എല്ലാപേൎക്കും അറിയാമല്ലോ. ദാരിദ്ര്യത്തിന്റേയും വിദ്യാഭ്യാസമില്ലായ്മയുടേയും ഫലമായി ജനങ്ങളുടെ ശരീരാവസ്ഥയും വളരെ ക്ഷയിച്ചിട്ടുണ്ട്. ഭാരതവും വിശേഷിച്ചു തിരുവിതാംകൂറും ഭയങ്കരമായ സാംക്രമികരോഗങ്ങളുടെ നിത്യ രംഗസ്ഥലമായിട്ടുണ്ട്. ജനങ്ങളുടെ ആയുഃകാലവും ക്ഷയിച്ചിട്ടുണ്ട്. ഇംഗ്ലണ്ടിൽ ജനങ്ങളുടെ ശരാശരി ആയുസ്സ് ൪൭ വയസ്സാണ് ഭാരതത്തിൽ ൨൪ വയസ്സത്രേ ശരാശരി ആയുസ്സ്. ശിശുക്കളുടെ കാൎയ്യം വളരെ ഭയങ്കരമാണ്. ഭാരതത്തിൽ ജനിക്കുന്ന ശിശുക്കളിൽ അഞ്ചിൽ ഒരുഭാഗം പ്രഥമവയസ്സിൽതന്നെ മരിക്കുന്നു. ഇംഗ്ലണ്ടിൽ തണുപ്പു കഠിനമാണെങ്കിലും പതിമൂന്നിലൊരുഭാഗം മാത്രമേ പ്രഥമവയസ്സിൽ മരിക്കുന്നുള്ളു. ശിശുക്കളുടെ ഏക ആഹാരമായ പശുവിൻപാലിന് ലണ്ടനിൽ വിൽക്കുന്ന വിലയിൽ ഏകദേശം ഇരട്ടിവിലയാണ് തിരുവനന്തപുരത്തെ വിൽക്കുന്ന വില. രാജ്യങ്ങളുടെ ധനസ്ഥിതി നോക്കുമ്പോൾ തിരുവനന്തപുരംനിവാസികൾ പാലിന്

ലണ്ടൻ കാർ കൊടുക്കുന്നതിൽ ൩൦ മടങ്ങ് വിലകൊടുക്കുന്നുണ്ട്. ഇത്ര ആപൽക്കരമായിരിക്കുന്ന കഠിനദാരിദ്ര്യത്തിൻെറ കാരണങ്ങൾ എന്തെല്ലാമാണെന്ന് ഭാരതത്തിൽ ശാസ്ത്രജ്ഞന്മാരായ പണ്ഡിതന്മാർ ആരാഞ്ഞതിൽ പ്രധാനകാരണം നമ്മുടെ പ്രാചീനമാതിരിയിൽ അപരിഷ്കൃതരീതിയിൽ നടത്തുന്ന കൃഷിയുടേയും, വ്യവസായങ്ങളുടേയും ദ്രവ്യവൎദ്ധനശക്തിക്കുറവ് തന്നെയാണെന്ന് കണ്ടുപിടിച്ചിരിക്കുന്നു. ഇതിന് ഉദാഹരണം ജപ്പാൻ രാജ്യത്തിൽ ഒരേക്കർ നിലത്തുനിന്നും കിട്ടുന്നതിൽ മിക്കവാറും മൂന്നിലൊരുഭാഗം നെല്ലുമാത്രമേ നമ്മുടെ കൃഷി കൊണ്ടു നമുക്കു ലഭിക്കുന്നുള്ളു. തിരുവിതാംകൂറിൽ തന്നെ പരിഷ്കൃതരീതിയിൽ ശരിയായ വിത്തുകൾ ഉണ്ടാക്കിയും ശരിയായ ഉരങ്ങൾ ഇട്ടും കാലഭേദം അനുസരിച്ചുള്ള കൃഷി നടത്തിയാൽ നെല്ലും അരിയും അന്യദേശങ്ങളിൽനിന്നും ഇറക്കുമതി ചെയ്യേണ്ട ആവശ്യമേ ഇല്ലാതാകും. അപ്പോൾ നാം വരുത്തുന്ന അരിയുടേയും നെല്ലിൻേറയും വില മുഴുവനും ഈ രാജ്യത്തിൽ തന്നെ കിടന്ന് കൃഷി കുറേക്കൂടി പോഷിപ്പിക്കുന്നതിനും വ്യവസായങ്ങൾ ശരിയായ വിധത്തിൽ ആരംഭിക്കുന്നതിനും വ്യവസായരീതി അന്യരാജ്യങ്ങളിൽചെന്ന് വളരെക്കാലം താമസിച്ച് അഭ്യസിക്കുന്നതിനും വേണ്ടപണം നമുക്കു ലഭിക്കുന്നതാണ്. ഇപ്പോൾ ബൎമ്മായിലെ നെല്ലിനും അരിക്കും വിലകുറയുവാൻ കാരണം തന്നെ വിശേഷമാണ്. ബർമ്മായിൽ കൃഷി പ്രാചീനരീതിയിൽ നടത്തുന്നു. ജലത്തിൻെറ സൌകര്യവും ഉള്ളതുകൊണ്ടും ഭൂമിക്കു ഉരം സദാ നദികളിൽനിന്നും കിട്ടുന്നതിനാലും അവൎക്കു ധാരാളം വിളവും ലഭിക്കുന്നു. ഈ നെല്ല് പ്രധാനമായി യൂറോപ്പിലും അമേരിക്കയിലും അയച്ച് ബർമ്മാക്കാർ ധനം സമ്പാദിച്ചുവന്നു. എന്നാൽ ഈയിട സയാംരാജ്യത്തിലും ഫ്റഞ്ചുകാരുടെ അധീനത്തിൽ ഇരിക്കുന്ന കൊച്ചിൻചൈനായിലും പരിഷ്കൃതരീതിയിൽ കൃഷി നടപ്പിൽവരുത്തിയതുകൊണ്ട് അവിടത്തെ വിളവ് വളരെ വൎദ്ധിച്ചു അരിയും നെല്ലും യൂറോപ്പിലും മററും സഹായവിലയ്ക്കു വിററു. ബർമ്മാനെല്ലിന് ചിലവ് ഇല്ലാതെ ആയി. നമ്മുടെ വ്യവസായങ്ങളുടെ സ്ഥിതി ഇതിലും കഷ്ടമാണ്. ഗവൺമെൻറു വ്യവസായത്തെ പ്രോത്സാഹിപ്പിക്കാത്തതുകൊണ്ട് നമ്മുടെ വ്യവസായങ്ങൾ നശിക്കയും വ്യവസായരീതി പരിഷ്ക്കരിക്കാത്തതുകൊണ്ട് വ്യവസായങ്ങൾമൂലം അരിഷ്ടിച്ചും കാലംകഴിക്കാനല്ലാതെ ധനസമ്പാദനത്തിന് എന്നല്ല സുഖമായ ജീവിതത്തിനുംകൂടി നിവൃത്തി ഇല്ലാതെ ആയിരിക്കുന്നു. എന്നാൽ അപരിഷ്കൃതരീതിയിലുള്ള കൃഷിയും വ്യവസായവും നമുക്ക് മുൻകാലങ്ങളിൽ ദോഷം ഉണ്ടാക്കാഞ്ഞതെന്താണെന്ന് ജനങ്ങൾ ചോദിച്ചേക്കാം. മുൻകാലങ്ങളിൽ അന്യദേശിയൎക്ക് ഇവിടെവന്നു കച്ചവടം ചെയ്യുന്നതിന് വേണ്ട സൌകര്യങ്ങൾ ഇല്ലായിരുന്നു. അന്യദേശങ്ങളിലും അക്കാലത്ത് കൃഷിയും വ്യവസായവും ഉൽകൃഷ്ടരീതിയിൽ നടത്തിവന്നില്ല. സ്വാൎത്ഥശൂന്യന്മാരായും ജ്ഞാനവിജ്ഞാനം വൎദ്ധിപ്പിക്കുന്നതിന് സ്വജീവിതം

മുഴുവനും ത്യാഗംചെയ്ത ശാസ്ത്രജ്ഞന്മാരുടെ ശാസ്ത്രചർച്ചയുടെ ഫലമായി കൃഷിയിലും വ്യവസായത്തിലും പരിഷ്കൃതമാർഗ്ഗങ്ങൾ കണ്ടുപിടിക്കപ്പെട്ടു. ജനങ്ങളുടെ നന്മയ്ക്കു് വേണ്ടി നടത്തിവന്നതും സ്വജനങ്ങളുടെ അധീനത്തിലും ആയിരുന്ന അവിടത്തെ ഗവർമെൻറുകൾ ഈ പരിഷ്കൃത രീതിയെ ഗവർമെൻറു സഹായത്തോടു കൂടി ബഹുജനങ്ങളുടെ ഇടക്ക് പ്രചാരപ്പെടുത്തി. തീക്കപ്പൽ മോട്ടാർ വാഹനങ്ങൾ ഇവ പരന്നതോടുകൂടി അന്യ ദേശീയർക്ക് ഭാരതത്തിൽ അവർ ഉണ്ടാക്കുന്ന സാമാനങ്ങൾ വിൽക്കുന്നതിനും അവർക്ക് സാമാനം ഉണ്ടാക്കാൻ ആവശ്യമുള്ള റബ്ബർ, എണ്ണക്കുരുക്കൾ, കൊപ്രാ മുതലായവ അവർ നിശ്ചയിക്കുന്ന വിലക്കു വാങ്ങുന്നതിനും വേണ്ട സൌകര്യങ്ങൾ ലഭിച്ചു. ഇപ്പോൾ നാം കൃഷി ചെയ്തുണ്ടാക്കുന്ന സാധനങ്ങൾ എല്ലാം അവർ പറയുന്നവിലക്ക് നാം കൊടുക്കണം അല്ലെങ്കിൽ വിൽക്കാൻ നിവൃത്തിയില്ല. നമ്മുടെ ജീവിതത്തിന് അത്യാവശ്യംആയ സാമാനങ്ങൾകൂടിയും ഉടുക്കാൻമുണ്ടു്, ദിനചികിത്സക്കുള്ള മരുന്നുകൾ, വിളക്ക് കത്തിക്കാൻ എണ്ണ,പോകാനുള്ള വണ്ടിയും റെയിൽവണ്ടിയും മോട്ടാർവണ്ടിയും അതിനുവേണ്ടപെററ്റോളും സകലസാമഗ്രികളും അവർ പറയുന്നവിലക്ക് നാം വാങ്ങണം. മോട്ടാർ പ്രചാരത്തോടുകൂടി ഉൾനാടുകളിലും വിദേശിയരുടെ വ്യാപാരശക്തി പ്രവഹിച്ചു് ജനങ്ങളുടെ ദ്രവ്യം അന്യദേശത്തേക്ക് കൊണ്ടുപോകുന്നു. കടൽയാത്രക്കുള്ള കപ്പലുകളും കപ്പലുകൾ അടുക്കാനുള്ള തുറമുഖങ്ങളും സംപൂർണ്ണമായി അന്യദേശിയരുടെ അധിനത്തിലുംആണു്.

ഈ ആപൽക്കരമായ അവസ്ഥയിൽ ജനങ്ങൾ എത്തിയിരിക്കുന്നു. നാൾക്കുനാൾ ഈ അപകടസ്ഥിതി വർദ്ധിക്കും എന്നും ഇതിനു് പരിഹാരങ്ങൾ ഉണ്ടെന്നും ഇവയെ ജനങ്ങളുടെ ഇടക്കു പ്രചാരപ്പെടുത്തുന്നതിനു സ്വാർത്ഥം തീരെ ഇല്ലാത്ത അസംഖ്യം മഹാന്മാരുടെ യത്നം അത്യാവശ്യമുണ്ടു്. ഭാരതത്തിൽ ഈയിടെ ഈ വിഷയത്തിൽ പ്രവർത്തിക്കുന്ന പ്രവൃത്തികളും നമ്മുടെ ഇടക്ക് തിരുവിതാംകൂറിൽ കാണുന്നതായ യത്നങ്ങളും നോക്കുമ്പോൾ സ്വാർത്ഥവിഹീനന്മാരായ നേതാക്കന്മാരുടേയും പ്രചാരകന്മാരുടേയും ആവശ്യം എത്ര അനിർവ്വചനീയമായിവന്നിട്ടുണ്ടെന്നുള്ളതു് ജനങ്ങൾക്ക് ബോധപ്പെടുന്നതാണ്. ഭാരതത്തിൽ പാശ്ചാത്യരീതിയിൽ ശാസ്ത്രചർച്ച ധനാഭിവൃദ്ധിക്ക് അത്യാവശ്യമാണെന്നു് കണ്ടു് പ്രസിദ്ധപ്പെട്ട പാർസി. ജെ. എൻ. താത്താ, തൻെറ സ്വത്തിൻെറ നേർപകുതി അംശമായ ൩൦ ലക്ഷം രൂപ ശാസ്ത്രചർച്ചക്കായി വിട്ടു് മൈസൂർ ഗവൺമെൻറിൻെറ സഹായത്തോടുകൂടി താത്താ ഇൻസ്റ്റിസ്റ്റ്യൂട്ട് ഏർപ്പെടുത്തി. ഇവിടെ രസതന്ത്രത്തിലും വിദ്യുത് ശക്തിപ്രായോഗികമാർഗ്ഗങ്ങളിലും ചർച്ചയും പരിശീലനവും ചെയ്യുന്നുണ്ടു്. രണ്ടു ഉദാരചിത്തന്മാരായ വക്കീലന്മാരുടെ ദാനംമൂലം മഹാനായ അശുതോഷ്മുക്കർജി കൽക്കത്താസർവകലാശാലയിൽ രസതന്ത്രത്തിലും പ്രകൃതിശാസ്ത്രത്തിലും ശാസ്ത്രചർച്ചക്കു വേണ്ട ഏർപ്പാടുചെ

സ്ഥിട്ടുണ്ട്. അസംഖ്യം ജനങ്ങളുടെ സഹായത്തോടുകൂടി പരസ്പരസഹായങ്ങൾ വർദ്ധിച്ച് കച്ചവടത്തിനും വ്യവസായത്തിനും രോഗനിവാരണത്തിനും കൂടി സഹായിക്കുന്ന സംഘങ്ങൾ ഏർപ്പെടുത്താൻ ശ്രമിക്കണം. ഇവിടെ ധനസ്ഥിതി നന്നാക്കാൻ ഉള്ള ശ്രമങ്ങൾ നമ്മുടെ നവീനബാങ്കുകളും, കമ്പനികളും ആണ്. ബാങ്കുകൾ എല്ലാം ഭീമമായ പലിശയ്ക്ക് പണം കടം കൊടുത്ത് സാധുക്കളുടെ ദാരിദ്ര്യം വർദ്ധിപ്പിക്കുന്നതല്ലാതെ കച്ചവടത്തെ സഹായിക്കാനോ വ്യവസായാഭിവൃദ്ധിക്കോ വലിയ സഹായം ഒന്നും ചെയ്യുന്നില്ല. സ്വാർത്ഥത തീരെ ഇല്ലാതെ പൊതുജനങ്ങളുടെ നന്മക്കുവേണ്ടി ജീവിതത്യാഗം ചെയ്യുന്നവർകൂടി ഇപ്രകാരം ഉള്ള ബാങ്കുകൾ ഏർപ്പെടുത്താൻ യത്നിക്കുന്നതേയുള്ളൂ. നമ്മുടെ കമ്പനികളുടെ കാര്യം പറയണമെന്നില്ലല്ലോ. പണം സമ്പാദിക്കാനുള്ള അതിമോഹംകൊണ്ട്, നടത്താൻപോകുന്ന വ്യവസായം അശേഷം അഭ്യസിക്കാതെ കമ്പനി ആരംഭിക്കുന്നു. വ്യവസായം ശരിയായി ഏർപ്പെടുത്തി നടപ്പിൽ കൊണ്ടുവന്ന് അതിന്മൂലം പണം സമ്പാദിക്കാൻ ശ്രമിക്കാതെ ആദ്യമേതന്നെ ജനങ്ങളുടെ പണം സ്വാധീനമാക്കാനുള്ള വഴികൾ സ്വീകരിച്ച് ജനങ്ങൾക്ക് വിശ്വാസം ഇല്ലാതെയാക്കുന്നു, സ്വാർത്ഥവിഹീനതയുടെ ഭയങ്കരമായ ചേഷ്ടകൾ ആണ് നാം ഇവിടെ കാണുന്നത്, കൃഷിരീതികൾ പരിഷ്ക്കരിപ്പിക്കുന്നതിനോ നമ്മുടെ കൃഷിക്കാർക്ക് ആദായം കൊടുക്കുന്ന തേൻ ശേഖരിക്കുന്ന വ്യവസായം കോഴി മുതലായ ജന്തുക്കളെ വളർത്തുന്ന വ്യവസായം മത്സ്യം വളർത്തുന്ന വ്യവസായം ഇവ ബഹുജനങ്ങളുടെ ഇടയിൽ പ്രചാരപ്പെടുത്തുന്നതിനോ യാതൊരു യത്നവും ഇപ്പോൾ കാണുന്നില്ല. അതുകൊണ്ട് നമ്മുടെ ധനസ്ഥിതി വർദ്ധിപ്പിക്കുന്നതിന് അത്യാവശ്യമായ സകലമാർഗ്ഗങ്ങളിലും നമുക്കു പ്രവേശിക്കുന്നതിനു സ്വാർത്ഥം വെടിഞ്ഞ ബഹുജനങ്ങളുടെ നന്മക്ക് യഥാർത്ഥമായി പരിശ്രമിക്കാൻ തയാറായിട്ടുള്ള മഹാന്മാരെ സൃഷ്ടിക്കയാണ് നമുക്ക് ഇപ്പോൾ അത്യാവശ്യമായിട്ടുള്ളതെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. ഭാരതത്തിൽ ഇപ്രകാരം ഉള്ള മഹാന്മാരെ ഉണ്ടാക്കാനുള്ള ഏകമാർഗ്ഗം ഹിന്ദുധർമ്മോദ്ധാരണം അല്ലാതെ വേറേ ഒന്നും ഇല്ലെന്ന് സതർക്കം സോദാഹരണം ഞാൻ അടുത്ത ഒരു അവസരത്തിൽ വിവരിക്കുന്നതാണ്.

## ജന്മതിഥി.

ധനു ൨ാംതീയതി കൃഷ്ണപക്ഷ സപ്തമി, ശ്രീ ശ്രീശാരദാമണി ദേവിയുടെ ജന്മതിഥിയാണ്.